## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 121 11/07/2011-ലെ മറുപടിക്ക്.

### ക്ഷേമനിധികളുടെ കാര്യക്ഷമമായ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ക്ഷേമനിധികളാണ് പ്രവർത്തിക്കുന്നത്; | (എ) 15 ക്ഷേമനിധി ബോർഡുകളും 5 ക്ഷേമപദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 5 ക്ഷേമപദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ക്ഷേമനിധികൾക്കായി എത്ര തുക ഗ്രാന്റായി നൽകിയിട്ടുണ്ട്; | (ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ക്ഷേമനിധികൾക്കായി ഗ്രാന്റായി നൽകിയിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |
| (സി) ക്ഷേമനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കു ന്നതിനും സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും ഏകീകരിക്കു കയും ചെയ്യുന്നതുസംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 01/01/2009-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 07/2009/തൊഴിൽ. പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| സീരിയൽ നം. | ബോർഡ്/പദ്ധതി |
|---|---|
| 1 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| 4 | കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. |
| 5 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 6 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 7 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 9 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 10 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 11 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് |
| 12 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 13 | കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 14 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 15 | കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 16 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി |
| 17 | ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി |
| 18 | കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി |
| 19 | കേരള ബാർബർ ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി |
| 20 | കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി |
| 21 | സ്വകാര്യ ക്ഷേത്ര ജീവനക്കാർക്കുള്ള ക്ഷേമ പദ്ധതി |
| 22 | പാചക തൊഴിലാളി ക്ഷേമ പദ്ധതി |
| 23 | മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി |
| 24 | ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി |
| 25 | അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി |

Resm

**അനുബന്ധം- 2**

| സീരിയൽ നം. | ബോർഡ്/പദ്ധതി | കഴിഞ്ഞ 5 വർഷങ്ങളിൽ ബോർഡിന്/പദ്ധതിക്ക് ഗ്രാന്റായി ലഭിച്ചിട്ടുള്ള തുക |
|---|---|---|
| 1 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,39,68,600/- |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, | 12.16 കോടി |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 57,71,44,000/- |
| 4 | കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | ഈ ബോർഡിന് കഴിഞ്ഞ 5 വർഷങ്ങളിൽ ഗ്രാന്റൊന്നും ലഭ്യമായിട്ടില്ല. |
| 5 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,24,92,75,000/- |
| 6 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 5,20,00,000/- |
| 7 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഈ ബോർഡിന് ഗ്രാന്റ് ഒന്നും ലഭിക്കുന്നില്ല. |
| 8 | കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 6,55,91,000/- |
| 9 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,34,54,900/- |
| 10 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 4,63,46,175/- |
| 11 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | ബോർഡിന് ഗ്രാന്റ് ലഭിച്ചിട്ടില്ല. |
| 12 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഈ ബോർഡിന് ഗ്രാന്റ് ഒന്നും ലഭിക്കുന്നില്ല. |
| 13 | കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 82,58,000/- |
| 14 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 10,00,000/- |
| 15 | കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് | ബോർഡിന് ഗ്രാന്റ് ലഭിച്ച് തുടങ്ങിയിട്ടില്ല. |
| 16 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി | ഗ്രാന്റ് ലഭിച്ചിട്ടില്ല. |
| 17 | ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി | 10,09,376/- |
| 18 | കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി | 1,29,29,000/- |
| 19 | കേരള ബാർബർ ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി | 1,01,91,820/- |
| 20 | കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | 45,51,650/- |
| 21 | സ്വകാര്യ ക്ഷേത്ര ജീവനക്കാർക്കുള്ള ക്ഷേമ പദ്ധതി | ഗ്രാന്റ് അനുവദിച്ചിട്ടില്ല |
| 22 | പാചക തൊഴിലാളി ക്ഷേമ പദ്ധതി | ഗ്രാന്റ് അനുവദിച്ചിട്ടില്ല |
| 23 | മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി | ഗ്രാന്റ് അനുവദിച്ചിട്ടില്ല |
| 24 | ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി | ഗ്രാന്റ് അനുവദിച്ചിട്ടില്ല |
| 25 | അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി | ഗ്രാന്റ് അനുവദിച്ചിട്ടില്ല |

atist
tain a
The
r whi
CDS
e Gov
ANAT
Gover
d/ By (
n Offic



**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും പുനരധിവാസവും വകുപ്പ് - തൊഴിൽ വകുപ്പിൻെറ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തികമായി പ്രയാസങ്ങൾ നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തികവിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും പുനരധിവാസവും (ബി) വകുപ്പ്**

സ.ഉ.( സാധാരണ)നമ്പർ. 7/2009/തൊഴിൽ. തീയതി,തിരുവനന്തപുരം, 1.1.2009.

പരാമർശം: -1)9.7.2008ലെ സ. ഉ.(സാധാ)1849/2008/തൊഴിൽ നമ്പരായുള്ള സർക്കാർ ഉത്തരവ്.
2)21.8.2008 ലെ സ. ഉ.(സാധാ)2298/2008/തൊഴിൽ നമ്പരായുള്ള സർക്കാർ ഉത്തരവ്.
3)15.9.2008 ലെ സ.ഉ. (സാധാ.)2442/2008/തൊഴിൽ നമ്പരായുള്ള സർക്കാർ ഉത്തരവ്.
4)23.12.2008 ലെ 568/ VIP/ 2008 നമ്പരായുള്ള ബഹു.തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ കുറിപ്പ്.

**ഉത്തരവ്**

തൊഴിൽ വകുപ്പിൻെറ കീഴിലുള്ള ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തികമായി പ്രയാസങ്ങൾ നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തികവിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റി താഴെപ്പറയുന്നവരെ കൂടി ഉൾപ്പെടുത്തി പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

1. ശ്രീ.എസ്.ശ്രീനിവാസൻ (മുൻലേബർ കമ്മിഷണർ) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ODEPC Ltd., വഞ്ചിയൂർ (പി.ഒ), തിരുവനന്തപുരം -35 — ചെയർമാൻ
2. ശ്രീ.ഇ.വി.ഗംഗാധരൻ (മുൻ അഡിഷണൽ ലേബർ കമ്മിഷണർ), ചെയർമാൻ,മിനിമം വേജസ് അഡ്വൈസറി ബോർഡ്, ട്യൂട്ടേഴ്സ് ലെയ്ൻ, സ്റ്റാച്യൂ റോഡ്, തിരുവനന്തപുരം — മെമ്പർ സെക്രട്ടറി

എറണാകുളം 682509

5. ശ്രീ. എൻ. അഴകേശൻ — മെമ്പർ
കൈലാസ്,
കൂട്ടിക്കട( പി.ഒ),
മയ്യനാട്, കൊല്ലം.

6. ശ്രീ.ജെ.ഉദയഭാനു — മെമ്പർ
കുറ്റിയിൽ അരുണിമ, മുരുന്തൽ
പെരിനാട്,കൊല്ലം

7. ശ്രീമതി.ജി.രാജമ്മ — മെമ്പർ
ചെയർ പേഴ്സൺ, കേരള ലേബർ വെൽഫെയർ
ഫണ്ട് ബോർഡ്) നടുവിലേക്കര,
ചുനക്കര (പി.ഒ),
ചാരുംമൂട് ആലപ്പുഴ

8. ശ്രീ.എം.കെ. കമലൻ — മെമ്പർ
(സംസ്ഥാനസെക്രട്ടറി, ബി.എം.എസ്. മസ്ദൂർ
സംഘം),
ബിഎം.എസ് ഓഫീസ്,
ഡോക്ടേഴ്സ് ലെയ്ൻ,പത്തനംതിട്ട. 689 645

9. അഡ്വ.എ.എ.ബഷീർ — മെമ്പർ
സൈനാസ്, നാലാഞ്ചിറ (പി.ഒ)
തിരുവനന്തപുരം

10. ശ്രീ.അഹമ്മദ് കുട്ടി ഉണ്ണിക്കുളം — മെമ്പർ
(ന്യൂസ് എഡിറ്റർ, ചന്ദ്രിക)
വൈ.എം.സി.എ. റോഡ്, കോഴിക്കോട് 673 001

11. ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ — കൺവീനർ

2.തൊഴിൽ വകുപ്പിനു കീഴിൽ നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തെയും അവ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങളെയും പ്രതിസന്ധികളെയും പറ്റി പഠിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുതകുന്ന രീതിയിലുള്ള പരിഹാരമാർഗ്ഗങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് നിശ്ചിത കാലപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

3) കമ്മിറ്റിയുടെ ഔദ്യോഗിക കാലാവധി ആറുമാസമായിരിക്കും.

4)കമ്മിറ്റിയുടെ ഓഫീസ് സംബന്ധമായ എല്ലാ ജോലികളും ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഓഫീസിൽ നിർവ്വഹിക്കേണ്ടതാണ്. ഇതിനുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള ക്രമീകരണവും ബോർഡ് യോഗം ചേരുന്നതിനും മറ്റുമുള്ള സൗകര്യവും ക്രമീകരണവും ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ചെയ്യേണ്ടതാണ്.

5)കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധമായ ചെലവുകൾ (യാത്രാബത്ത ഉൾപ്പെടെ) ലേബർ വെൽഫെയർ ഫണ്ട് ബോർഡ് വഹിക്കേണ്ടതാണ്.

6)യാത്രാബത്തയുടെ കാര്യത്തിൽ കമ്മിറ്റിയെ'എ ' ക്ലാസ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയും യാത്രാബത്തയും മറ്റ് ചെലവുകളും കൃത്യസമയത്ത് വഹിക്കുന്നതിനായി ലേബർ വെൽഫെയർ ഫണ്ട് കമ്മിഷണറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

7)കമ്മിറ്റി ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം നൽകുകയും കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുകയും ചെയ്യുവാൻ എല്ലാ വെൽഫെയർ ഫണ്ട് ബോർഡുകളുടെയും ചെയർമാൻമാരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.മുഹമ്മദ് ബഷീർ
ജോയിൻറ് സെക്രട്ടറി

ലേബർ കമ്മിഷണർ,തിരുവനന്തപുരം
ലേബർ വെൽഫെയർ ഫണ്ട് കമ്മിഷണർ,ലേബർ വെൽഫെയർ ഫണ്ട് ബോർഡ്,
വഞ്ചിയൂർ, തിരുവനന്തപുരം.
കമ്മിറ്റി അംഗങ്ങൾക്ക്
പ്രിൻസിപ്പൽഅക്കൗണ്ടൻറ് ജനറൽ , (ആഡിറ്റ് ), കേരള,തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ എ.ആൻറ് ഇ,ആഡിറ്റ്,ഡി.ബി.സെൽ,കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 122 11/07/2011-ലെ മറുപടിക്ക്.

### സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ ;<br>ശ്രീ. പി. കെ. ഗുരുദാസൻ ;<br>ശ്രീ. എ. പ്രദീപ്കുമാർ ;<br>ശ്രീ. സാജു പോൾ ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള ബി.പി.എൽ. വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകുന്ന ചികിത്സാ ആനുകൂല്യങ്ങൾക്ക് പുറമേ മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് കൂടുതൽ സൗകര്യം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ എന്നീ മാരകങ്ങളായ രോഗചികിത്സയ്ക്ക് പരമാവധി എന്തു തുകയുടെ സൗജന്യ ചികിത്സ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) ചിസ് പ്ലസ് വഴി പരമാവധി 70,000/- രൂപ അധികമായി നൽകുന്നു. |
| (സി) വരുമാന പരിധിയില്ലാതെ ഈ പദ്ധതിയിൽ ചേരുന്നതിന് ഏതൊക്കെ പുതിയ വിഭാഗങ്ങൾക്കാണ് ഇപ്പോൾ അർഹത നൽകിയിട്ടുള്ളത് ; | (സി) ആശ്രയ കുടുംബങ്ങൾ, ആശാ വർക്കേഴ്സ്, അംഗനവാടി വർക്കേഴ്സ്/ഹെൽപേഴ്സ്, വികലാംഗർ, മത്സ്യ തൊഴിലാളികൾ, കയർ, കൈത്തറി, കർഷകതൊഴിലാളി, തയ്യൽ, ബീഡി, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ഖാദി തൊഴിലാളി, ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലെ ക്ഷേമനിധി അംഗങ്ങൾ, ഗാർഹിക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, തുടങ്ങിയ വിഭാഗങ്ങൾക്കും കശുവണ്ടി, കള്ളുചെത്ത്, കെട്ടിട നിർമ്മാണ തൊഴിലാളി, ചുമട്ടുതൊഴിലാളി തുടങ്ങിയ മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ |

അംഗത്വമുള്ളവർക്കും, പെൻഷൻ വാങ്ങുന്നവർക്കും, കണ്ണൂർ കന്റോൺമെന്റ് തൊഴിലാളികൾ, എൻഡോസൾഫാൻ ദുരന്തബാധിതർ, തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും ജോലി ചെയ്തവർ, ഗാർഹിക തൊഴിലാളികൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവർ, പ്രവാസി അവിദഗ്ധ തൊഴിലാളികൾ, സ്കൂൾ പാചക തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിലേക്കായി അക്ഷയ സെന്ററുകൾ വഴി അവസരം നൽകിയിരുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എൻറോൾമെന്റ് നടപടികൾ അവസാനിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഡി) ഈ വർഷം എത്ര ലക്ഷം പേരെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടു വരാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഈ വർഷം 35 ലക്ഷം കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കാനാണ് ലക്ഷ്യ മിട്ടിരുന്നത്.

(ഇ) ഈ വർഷം ഇതുവരെ ഈ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നു;

(ഇ) ഈ വർഷം ഇതുവരെ 28.1 ലക്ഷം പേരാണ് പദ്ധതിയിൽ ചേർന്നിരിക്കുന്നത്.

(എഫ്) 2010-11-ൽ എത്ര പേർ പദ്ധതിയുടെ ഗുണഫലം പ്രയോജനപ്പെടുത്തിയിട്ടുണ്ട്; ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(എഫ്) 2010-11 ൽ 3,60,228/- പേർ പദ്ധതിയുടെ ഗുണഫലങ്ങൾ പ്രയോജന പ്പെടുത്തിയിട്ടുണ്ട്.

(ജി) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഏതെല്ലാം ക്ഷേമപദ്ധതിയിൽ പെട്ടവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ജി) കശുവണ്ടി, കള്ള്ചെത്ത്, കെട്ടിട നിർമ്മാണ തൊഴിലാളി, ചുമട്ടുതൊഴിലാളി തുടങ്ങിയ മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവരെ പദ്ധതിയിൽ ചേർത്തിട്ടുണ്ട്.

(എച്ച്) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(എച്ച്) ആർ.എസ്.ബി.വൈ. പദ്ധതിയുടെ 75% ചെലവ് കേന്ദ്രമാണ് വഹിക്കുന്നത്. 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഈ ഇനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെ ചേർക്കുന്നു.

2008-09 - 344 ലക്ഷം രൂപ.
2009-10 - 2094 ലക്ഷം രൂപ

(ഐ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ആരോഗ്യ, ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നത് ?

(ഐ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് 30,000 രൂപയുടെ ചികിത്സ തെരഞ്ഞെടുത്തിട്ടുള്ള സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ കിടന്നുള്ള ചികിത്സക്കാണ് ഇപ്രകാരം സൗജന്യം ലഭിക്കുന്നത്. മരുന്നുകളും ടെസ്റ്റുകളും സൗജന്യമായി ലഭിക്കും. 2010-11 വർഷം മുതൽ ചിസ് പ്ലസ് പദ്ധതിയിൻ കീഴിൽ ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ, ആശുപത്രികൾ എന്നിവ മുഖേന നൽകുന്നുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിനു പ്രായപരിധിയില്ല. നിലവിലുള്ള അസുഖങ്ങൾക്കും പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സ ലഭിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 123 — 11.7.2011 - ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.ജി.സുധാകരൻ :<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.കെ.സുരേഷ് കുറുപ്പ് : | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷി വകുപ്പുമന്ത്രി) |
| എ) കുട്ടനാട് കാർഷിക മേഖലയുടെ സമഗ്രവികസനത്തിനായുള്ള പാക്കേജിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച കർമ്മപദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ കർമ്മ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) കുട്ടനാട് പാക്കേജിന്റെ കീഴിൽ ആകെ 3,544 കോടി രൂപയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അതിൽ 1019 കോടി രൂപയുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് പാക്കേജിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിട്ടുണ്ട് |
| ബി) കുട്ടനാട് പാക്കേജിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിൽ കേന്ദ്ര സഹായം എത്ര കോടി രൂപയാണ്, | ബി) പാക്കേജിൽ വിഭാവനം ചെയ്തിട്ടുള്ള മുഴുവൻ പ്രവൃത്തികളുടെയും പൂർത്തീകരണത്തിനായി അടങ്കൽ തുകയായി 4500 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ആകെ ചെലവ് പ്രതീക്ഷിക്കുന്ന 4500 കോടിയിൽ , 4000 കോടി രൂപയും ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ടിയാണ് ആയതിന് വെള്ളപ്പൊക്ക നിവാരണ പദ്ധതി പ്രകാരം തുക അനുവദിക്കേണ്ടതും, അതുപ്രകാരം ചിലവായ തുകയുടെ 75% കേന്ദ്ര സർക്കാർ വഹിക്കേണ്ടതും (അതായത് 3000 കോടി) ബാക്കി 25% സംസ്ഥാന സർക്കാർ വഹിക്കേണ്ടതുമാണ്. 300 കോടി രൂപയുടെ പദ്ധതികൾ 13-ാം ധനകാര്യ കമ്മിഷന്റെ കീഴിലും 140 കോടിയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ 100% ഗ്രാന്റായി നൽകുന്ന ആർ.കെ.വി.വൈ സ്കീമിന്റെ കീഴിലുമായാണ് ലഭിക്കുന്നത്. ബാക്കി 60 കോടിയുടെ |

പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി, അവയുടെ ഫണ്ടിംഗ് പാറ്റേൺ പ്രകാരം തുക റിലീസ് ചെയ്യുന്നു

| | | | |
|---|---|---|---|
| സി) | പാക്കേജിൽ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാതെ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ; | സി) | പാക്കേജിൽ നിർദ്ദേശിക്കപ്പെട്ട ഒരു പദ്ധതിക്കും കേന്ദ്രാനുമതി ലഭിക്കാതെ വന്നിട്ടില്ല. |
| ഡി) | പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ഡി) | ഉണ്ട്.<br>സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ ശുപാർശകൾക്കും/ പ്രോഗ്രാമുകൾക്കും ധനസഹായം നൽകുന്നതിനായി താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കേന്ദ്ര കാബിനറ്റ് കുട്ടനാട് പാക്കേജ് തത്വത്തിൽ അംഗീകരിച്ചത്.<br>1. പാക്കേജിനു കീഴിൽ അംഗീകരിച്ച വിവിധ ഘടകങ്ങളിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ സംസ്ഥാന സർക്കാർ കണ്ടെത്തി അവ കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന തുടർ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കും ഫണ്ടിംഗ് പാറ്റേണിനും അനുസൃതമായി ഫണ്ട് ലഭിക്കുന്നതിനായി ഡി.പി.ആറുകൾ തയ്യാറാക്കി പ്രസ്തുത കേന്ദ്ര മന്ത്രാലയത്തിനോ ഡിപ്പാർട്ടുമെന്റിനോ സമർപ്പിക്കേണ്ടതാണ്.<br>2. പദ്ധതി അടങ്കൽ തുക 50 ലക്ഷം വരെ ആവശ്യമായി വരുന്ന പദ്ധതികൾക്ക്/ശുപാർശകൾക്ക് സംസ്ഥാന സർക്കാർ സ്വന്തം ഫണ്ട് വിനിയോഗിക്കേണ്ടതാണ്. |
| ഇ) | പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ? | ഇ) | ഉണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 124 11.7.2011- ൽ മറുപടിയ്ക്ക്

### പുതിയ റബ്ബർ ടാപ്പിംഗ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഗീതാ ഗോപി :<br>ശ്രീ.മുല്ലക്കര രത്നാകരൻ:<br>ശ്രീ.ഇ.ചന്ദ്രശേഖരൻ:<br>ശ്രീ.ജി.എസ്.ജയലാൽ : | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷി വകുപ്പുമന്ത്രി) |
| എ) റബ്ബർ ബോർഡ് ആരംഭിച്ച തീവ്ര പ്രചരണ പദ്ധതിയുടെ ഭാഗമായി ഉൽപ്പാദന വർദ്ധനവിനുവേണ്ടി ചെറുകിട റബ്ബർ കർഷകരിലൂടെ പുതിയ റബ്ബർ ടാപ്പിംഗ് സമ്പ്രദായം നടപ്പിലാക്കിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| ബി) ഈ പുതിയ സമ്പ്രദായത്തിൽ 'എത്രേൽ ' എന്ന ഉത്തേജക വസ്തു വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ ; ഈ ഉത്തേജക വസ്തുവും അനുബന്ധ വസ്തുക്കളും കാൻസറിനും മറ്റനവധി ഗുരുതര രോഗാവസ്ഥകൾക്കും കാരണമാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്ത മാക്കുമോ ? | ബി) റബ്ബറിൽ ഇടവേളകൂടിയ ടാപ്പിങ്, നാലിലൊന്നു ചുറ്റളവു മാത്രമുള്ള വെട്ടുചാലിട്ട് നിയന്ത്രിത കമിഴ്ത്തിവെട്ട് എന്നിവ നടത്തുമ്പോൾ ഉണ്ടാകാവുന്ന ഉത്പാദനനഷ്ടം കുറയ്ക്കാൻ വേണ്ടി റബ്ബർ ബോർഡ്, എത്തഫോൺ (എത്രേൽ) പ്രയോഗം ശുപാർശ ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിൽ റബ്ബറിൽ ഇതിൻെറ പരമാവധി ഉപയോഗം ഹെക്ടറിന് 250 ഗ്രാം മാത്രമാണ്. ഈ ഉത്തേജക വസ്തു കാൻസറിനും മറ്റനവധി ഗുരുതര രോഗാവസ്ഥകൾക്കും കാരണമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എത്തഫോണിൽ അടങ്ങിയിരിക്കുന്ന 2 ക്ളോറോ ഈതൈൽ ഫോസ്ഫോണിക് ആസിഡ് മണ്ണിൽ വീഴുമ്പോഴും ചെടിയിൽ പ്രവേശിക്കുമ്പോഴും വിഘടിച്ച് ഒരു സസ്യഹോർമോണായ എത്തിലിൻ വാതകവും ദോഷഫലങ്ങളില്ലാത്ത ക്ളോറൈഡ്, ഫോസ്ഫേറ്റ് എന്നിവയുമായി മാറുന്നു. ഈ വിഘടിത വസ്തുക്കൾ ഒന്നും തന്നെ മാരകമല്ല. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 125

## സഹകരണ സംഘങ്ങൾ വഴി നെൽകൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും നൽകുന്ന വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. സാജു പോൾ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾവഴി കുറഞ്ഞ നിരക്കിൽ വായ്പ നൽകി വരുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. നെൽകൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും ഉൾപ്പടെ ഹ്രസ്വകാല കാർഷിക വിളവായ്പകൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകൾ വഴി കുറഞ്ഞ പലിശനിരക്കിലാണ് വിതരണ ചെയ്തുവരുന്നത്. കേന്ദ്രസർക്കാർ നയമനുസരിച്ച് കർഷകർക്ക് 7% പലിശനിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യണമെന്നാണ് നബാർഡ് നിർദ്ദേശിച്ചിട്ടുള്ളത്. 2011 – 2012 വർഷം മുതൽ ഇപ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പലിശ സബ് വെൻഷൻ കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്. ഫലത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 4% പലിശ നിരക്കിൽ കാർഷിക വായ്പ ലഭ്യമാകുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽ കർഷകർക്ക് നെൽ കൃഷിയ്ക്കായി വിതരണം ചെയ്യുന്ന വിളവായ്പയുടെ പലിശ ബാധ്യത സർക്കാർ വഹിച്ചുകൊണ്ട് നെൽ കർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. |

(ബി) സഹകരണ സംഘങ്ങൾക്ക് സഹായം നൽകിക്കൊണ്ട് നെൽകൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും നൽകിവരുന്ന വായ്പയുടെ തോത് വർദ്ധിപ്പിക്കുന്നതിനും പലിശ നിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിയ്ക്കും, പച്ചക്കറി കൃഷിയ്ക്കും വായ്പ നൽകി വരുന്നത്. ആയത് ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി കൂടി കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല /മധ്യകാല കാർഷിക വായ്പകളുടെയും നബാർഡിന്റെ റിഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷകാലാവധിയുള്ള ഹ്രസ്വകാല കാർഷിക വായ്പകളുടെയും പരിധി പരമാവധി 10 ലക്ഷം രൂപയായി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നെൽ കൃഷിക്ക് 25,000/- രൂപ വരെ പലിശരഹിത വായ്പ നൽകിയിരുന്നത് ഇപ്പോൾ പരിധിയില്ലാതെ നൽകി വരുന്നുണ്ട്. പാടശേഖര സമിതികൾക്കും, ടി പലിശ രഹിത വായ്പ പദ്ധതി സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന ഹ്രസ്വകാല കാർഷിക വിളവായ്പകൾ കുറഞ്ഞ പലിശനിരക്കിൽ കൂടുതലായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 126. 11..7..2011-ൽ മറുപടിക്ക്

## ''ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ''

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. റോഷി അഗസ്റ്റിൻ,<br>ശ്രീ. തോമസ് ഉണ്ണിയാടൻ,<br>ശ്രീ. പി.സി. ജോർജ്,<br>ഡോ. എൻ. ജയരാജ്.** | **ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്ഷീര കാർഷിക മേഖല പ്രതിസന്ധിയിലാണോയെന്ന് വ്യക്തമാക്കുമോ; | (എ) പ്രതിസന്ധിയിലല്ല. എന്നാൽ കാലിത്തീറ്റ വില വർദ്ധനവ് കാരണം ഉൽപ്പാദനച്ചെലവിനനുസൃതമായി പാൽ വില സംഘങ്ങളിൽ നിന്നും ലഭിക്കുന്നില്ല എന്ന വിഷയം ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്. ആയത് തരണം ചെയ്യാൻ ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റയ്ക്ക് സബ്സിഡി എന്നിവ ക്ഷീരകർഷകരെ ഈ പ്രതിസന്ധി തരണം ചെയ്യാൻ സഹായിക്കുന്നു. |
| (ബി) ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണ്: ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരുഷാഹാര ദൗർലഭ്യം, ഉയർന്ന കാലിത്തീറ്റവില, ഉല്പാദനച്ചെലവിനുണ്ടാകുന്ന വർദ്ധനവ്, ഉല്പാദനച്ചെലവിനനുയോജ്യമല്ലാത്ത പാൽ വില എന്നിവയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കാലിത്തീറ്റയുടെ വില വർദ്ധനവിന്റെയും മറ്റും ഫലമായി പാലുല്പാദന ചെലവ് വർദ്ധിച്ചിരിക്കുന്നതിനാൽ ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പശ്ചാത്തലത്തിൽ കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡിയുടെ നിരക്ക് ഇരട്ടിയാക്കാനും, ആയതിന്റെ ചെലവിലേയ്ക്കായി 3 കോടി രൂപ വകയിരുത്താനും ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. |

ഇതു കൂടാതെ, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി വഴി കേരളത്തിലെ കാലിസമ്പത്തിലുണ്ടായ കുറവ് നികത്തുന്നതിനും അതിലൂടെ പാലുല്പാദനത്തിൽ വർദ്ധനവുണ്ടാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കറവപ്പശുക്കളെ വാങ്ങുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചത്. ഇതിലൂടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ആനുകൂല്യം നൽകി വരുന്നു. ഒരു പശുവുള്ള കർഷകന് ഒരു പശുവിനെ കൂടി നൽകുന്നതിനുള്ള 'ഗോധൻ' പദ്ധതി, രണ്ടു പശു, അഞ്ചു പശു, പത്തു പശു, ഇരുപത് പശു എന്ന രീതിയിലുള്ള ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, നല്ലയിനം കറവപ്പശുക്കളെ നമ്മുടെ നാട്ടിൽ വളർത്തിയെടുക്കുന്നതിനുള്ള കിടാരി വളർത്തൽ യൂണിറ്റുകൾ, ഫാം ആധുനീകരിക്കുന്നതിനായുള്ള കറവ യന്ത്രം, മറ്റ് അവശ്യാധിഷ്ഠിത സഹായങ്ങൾ എന്നിവയ്ക്കെല്ലാം ഈ പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

തീറ്റപ്പുൽ വികസന പദ്ധതി വഴി പാലുല്പാദന ചെലവിന്റെ 70 ശതമാനത്തോളം വരുന്ന തീറ്റച്ചെലവ് കുറയ്ക്കാനായി കർഷകന് പോഷക മൂല്യമേറിയ തീറ്റപ്പുല്ലിന്റെ ലഭ്യത അനിവാര്യമാണ്. ആയത് വ്യാവസായികമായിട്ടും അല്ലാതെയും കർഷകരുടെ സ്വന്തം സ്ഥലങ്ങളിലും മറ്റും കൃഷി ചെയ്ത് കാലികൾക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീറ്റപ്പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും അസോള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തീറ്റപ്പുൽ പ്രദർശന തോട്ടങ്ങൾ, ഫോഡർ വിപണന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുകയും, ചാഫ് കട്ടർ വിതരണം ചെയ്യുകയും, പുൽകൃഷിയ്ക്കായി ജലസേചന സൗകര്യമേർപ്പെടുത്തുകയും ചെയ്യുന്നതിനായി വിവിധയിനങ്ങളിൽ ധനസഹായം നൽകിവരുന്നുണ്ട്. ഇതിലൂടെ കർഷകർക്ക് ഉല്പാദനച്ചെലവ് ഒരു പരിധിവരെ പിടിച്ചു നിർത്താൻ സഹായകമായിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഫോഡർ ഫാമിൽ നിന്ന് പോഷകമൂല്യമേറിയ പച്ചപ്പുല്ല് ഉല്പാദിപ്പിച്ച് കർഷകർക്ക് ന്യായമായ നിരക്കിൽ വിതരണം ചെയ്യുന്നു.

സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് കാലിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. 2011-12 ൽ 600 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം 60 വയസ്സ് പൂർത്തിയായവരും, ക്ഷീര സഹകരണ സംഘങ്ങളിൽ നിയമമനുസരിച്ച് പാൽ അളന്നിട്ടുള്ള ക്ഷീരകർഷകർക്ക് 300 രൂപ നിരക്കിൽ പെൻഷൻ, 150 രൂപ നിരക്കിൽ കുടുംബ പെൻഷൻ കൂടാതെ, ക്ഷേമനിധി അംഗമെന്ന നിലയിൽ മരണാനന്തര ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നു.

കൂടാതെ, മൃഗസംരക്ഷണ വകുപ്പ് ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കേരള ഫീഡ്സിന്റെ പുതിയ കാലിത്തീറ്റ പ്ലാന്റ് കരുനാഗപ്പള്ളിയിൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടിയായിട്ടുണ്ട്. നിലവിലുള്ള കാലിത്തീറ്റ പ്ലാന്റിന്റെ ഉല്പാദന സംഭരണ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. പച്ചപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പ് കെ.എൽ.ഡി.ബി. യുമായി സംയോജിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പച്ചപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്രീയ പരിപാലന ക്രമങ്ങൾ അവലംബിക്കുന്നതിനും കർഷകർക്ക് ബോധവൽക്കരണവും പരിശീലനവും നൽകുന്നുണ്ട്. കന്നുകാലിരോഗങ്ങളായ ആന്ത്രാക്സ്, കുരലടപ്പൻ, അകിടുവീക്കം, കുളമ്പുരോഗം എന്നിവ നിയന്ത്രിക്കുന്നതിനായി ''സമഗ്ര കന്നുകാലിരോഗ നിയന്ത്രണ പദ്ധതി'' നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം കന്നുകാലികൾക്ക് ടി രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നു. മൃഗാശുപത്രികൾ ആധുനികവൽക്കരിച്ച് മൃഗചികിത്സക്കും രോഗനിയന്ത്രണത്തിനും അത്യാവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. ഇതു കൂടാതെ, നിലവിലുള്ള കാലിത്തീറ്റ ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപ്പാദന സംഭരണ ശേഷി വർദ്ധിപ്പിച്ചും, പുതിയ പ്ലാന്റുകൾ സ്ഥാപിച്ചും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കുന്നു.

(സി) ക്ഷീരമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ട്. ക്ഷീരമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പു വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. <u>തീറ്റപ്പുൽ വികസന പദ്ധതി:</u>

   തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽക്കൃഷി വ്യാപനം, അധികമായി 20,000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കൽ, പാരമ്പര്യേതര കാലിത്തീറ്റ വിനിയോഗം പ്രോത്സാഹിപ്പിക്കുക, ആയതിന് സംഭരണ വിപണനം ഏർപ്പെടുത്തുക, തുടങ്ങിയ കാര്യങ്ങൾ തീറ്റപ്പുൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. <u>ഡെയറി യൂണിറ്റുകൾ</u>:

   ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് ഡെയറി യൂണിറ്റുകൾ, ഹീഫർ യൂണിറ്റുകൾ, പശുപരിപാലനം ലാഭകരമാക്കുന്നതിനുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ, ഉൽപ്പാദനോപാധികളുടെ വിതരണം, ആധുനിക സാങ്കേതിക മാർഗ്ഗങ്ങൾ ക്ഷീരകർഷകരിലെത്തിക്കുക, ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. സുസ്ഥിരമായ ക്ഷീരോൽപ്പാദനം-മാതൃകാ ഗ്രാമപഞ്ചായത്ത്.

   ഒരു ഗ്രാമപഞ്ചായത്തിനെ മാതൃകയായി തെരഞ്ഞെടുത്ത് സുസ്ഥിരമായ ക്ഷീരോൽപ്പാദനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിലൂടെ ക്ഷീരോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

മൃഗസംരക്ഷണ വകുപ്പ് സമഗ്ര പുരോഗതി ലക്ഷ്യമാക്കി താഴെപ്പറയുന്ന കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. പാലിന്റെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

| | | രൂപ ലക്ഷത്തിൽ |
|---|---|---|
| 1. | സംയോജിത കന്നുകാലി വികസനം (73 ക്ഷീര ബ്ലോക്കുകൾ വഴി നടപ്പിലാക്കുന്ന പദ്ധതി.) | 1000 |
| 2. | വായ്പാ സഹായം | 100 |
| 3. | ബോധവൽക്കരണ പരിപാടികൾ | 25 |
| 4. | ഭക്ഷ്യസുരക്ഷക്കായി മാതൃകാ കർഷകർ വികസിപ്പിച്ച മാതൃകകൾ മെച്ചപ്പെടുത്തുന്നതിന് സഹായം | 250 |
| 5. | കന്നുകാലി കർഷകർക്ക് യന്ത്രവൽക്കരണ സഹായം | 100 |
| 6. | വനിതാ ഗ്രൂപ്പുകൾക്ക് സഹായം | 100 |

2. 13-ാം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം 3750 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

(എ) വിതുര, ചെറ്റച്ചൽ, ധോണി എന്നിവിടങ്ങളിൽ പ്രൈവറ്റ് ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കൽ.

(ബി)മലബാർ മേഖലയിൽ പ്രതിദിനം 300 ടൺ ഉല്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് കേരളാ ഫീഡ്സ് വഴി തുടക്കം കുറിക്കും.

(സി)കുടപ്പനക്കുന്നിൽ സൂപ്പർ സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക്കൽ കോംപ്ലക്സ്.

(ഡി) പാലോട് ഫാർമസ്യൂട്ടിക്കൽ സ്ഥാപനം.

(ഇ) കന്നുകുട്ടികളെ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പദ്ധതി.

(എഫ്) ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം

3. സംരംഭക മൂലധന നിധി - സംരംഭക മൂലധന സഹായത്തിനായി ഉൽപ്പാദകരെ പദ്ധതികൾ തയ്യാറാക്കാൻ സഹായിക്കുന്നതിനായി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന പദ്ധതി.

| | |
|---|---|
| (ഡി) നടപ്പു സാമ്പത്തിക വർഷം ക്ഷീര വികസനത്തിന് കൂടുതൽ ഫണ്ട് വകയിരുത്താൻ നടപടി സ്വീകരി ക്കുമോ? | (ഡി) നടപ്പു സാമ്പത്തിക വർഷം, ക്ഷീര വികസനത്തിന് കൂടുതൽ ഫണ്ട് വകയിരുത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ കാലിത്തീറ്റ സബ്സിഡി നൽകുവാൻ 600 ലക്ഷം രൂപയും, തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയ്ക്ക് 300 ലക്ഷം രൂപയും എം.എസ്.ഡി.പി. പദ്ധതിയ്ക്ക് 640 ലക്ഷം രൂപയും ക്ഷീരസംഘങ്ങളുടെ നവീകരണത്തിന് 250 ലക്ഷം രൂപയും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് 175 ലക്ഷം രൂപയും പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപയും ക്ഷീര കർഷക ക്ഷേമനിധിയ്ക്ക് 75 ലക്ഷം രൂപയും ഉൾപ്പെടെ 20.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി മൃഗസംരക്ഷണ മേഖലയ്ക്ക് 150.28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിലേറിയപങ്കും ക്ഷീര വികസനത്തിനാണ് നീക്കി വച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.127 — 11.07.2011-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ.കെ. അജിത് : | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണംആരംഭിച്ചതെന്നുമുതലാണ് ; | എ. 02-02-2006 മുതൽ സംസ്ഥാനത്തെ വയനാട്, പാലക്കാട് ജില്ലകളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു. 01-04-07 മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലേയ്ക്ക് പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും 01-04-08 മുതൽ സംസ്ഥാനത്തെ ബാക്കി 10 ജില്ലകളിൽ കുടി പദ്ധതി പൂർണ്ണമായും നടപ്പിലാക്കി തുടങ്ങുകയും ചെയ്തു. |
| ബി. ഈ പദ്ധതിയിൻകീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള വേതനം എത്ര രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; സംസ്ഥാനത്ത് ഇപ്പോൾ ഈ പദ്ധതി പ്രകാരം ഒരു തൊഴിലാളിക്ക് ദിവസകൂലിയിനത്തിൽ എത്ര രൂപ ലഭിക്കുന്നുണ്ട് ; ഈ തുക വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങളുണ്ടോ ; | ബി. സംസ്ഥാനത്ത് നിലവിൽ ഈ പദ്ധതിയിൻകീഴിൽ തൊഴിലാളികളുടെ പ്രതിദിന വേതനമായി 150/- രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പ്രകാരം പ്രതിദിന വേതനമായി 150/- രൂപയാണ് തൊഴിലാളികൾക്ക് ലഭ്യമാകുന്നത്. ഈ തുക സംസ്ഥാനത്തെ കർഷക തൊഴിലാളികളുടെ മിനിമം കൂലിയായ 200/-രൂപയ്ക്ക് സമാനമായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി. ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഇപ്പോൾ പ്രതിവർഷം എത്ര ദിവസത്തെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | സി. ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് 2010-11 സാമ്പത്തിക വർഷത്തിൽ ശരാശരി 41 ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| ഡി. സംസ്ഥാനത്തിന് ഈ പദ്ധതി നടത്തിപ്പിന്റെ പേരിൽ അഖിലേന്ത്യാതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | ഡി. സംസ്ഥാനത്തെ പാലക്കാട്, ഇടുക്കി ജില്ലകൾക്കും കോട്ടുകാൽ, നെടുങ്കണ്ടം തുടങ്ങിയ ഗ്രാമ പഞ്ചായത്തുകൾക്കും അഖിലേന്ത്യാ തലത്തിൽ പദ്ധതി നടത്തിപ്പിന്റെ പേരിൽ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128 * 11.07.2011-ൽ മറുപടിയ്ക്ക്

## ഭക്ഷ്യവിള ഉല്പാദന നയം ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ:<br>" എ.കെ. ബാലൻ :<br>" ജെയിംസ് മാത്യു:<br>" കെ.കെ. ജയചന്ദ്രൻ : | ശ്രീ. കെ . പി. മോഹനൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന ഭക്ഷ്യ വിളകളുടെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വിസ്തൃതിയിലും ഘടനാപരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റക്കുറച്ചിലുകൾ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു ഉല്പാദന നയം പിന്തുടരാൻ നടപടി സ്വീകരിക്കുമോ ; | (എ) സംസ്ഥാനത്തെ പ്രധാന ഭക്ഷ്യ വിളകളുടെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വിസ്തൃതിയിലും ഘടനാപരമായി ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് വസ്തുതയാണ് എന്നിരിക്കിലും ഈ വിഷയത്തിലൂന്നിക്കൊണ്ട് ഒരു ഉല്പാദന നയം രൂപീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) പ്രധാനപ്പെട്ട എല്ലാ ഭക്ഷ്യ വിളകളുടെയും ഉല്പാദനം വർദ്ധിപ്പിക്കാൻ ഇന്ന് സംസ്ഥാനം നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) സംസ്ഥാനത്തെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ മുതലായവയുടെ ഉല്പാദനത്തിന്റെ മുഖ്യ തടസ്സം കൃഷി ഭൂമിയുടെ അപര്യാപ്തതയാണ്. കൂടാതെ തൊഴിലാളികളുടെ ദൗർലഭ്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, കാലോചിതമായ യന്ത്രവത്കരണത്തിന്റെ അഭാവം, കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വില, ലഭിക്കാതിരിക്കുന്നത് , മതിയായ വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത, കാർഷിക ഗവേഷണത്തിനുള്ള മന്ദത, കാർഷിക |

വിജ്ഞാന വ്യാപനത്തിൻെറ പുരോഗതിയില്ലായ്മ എന്നിവയും സംസ്ഥാനത്തെ ഭക്ഷ്യ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്.

(സി) ഉല്പാദന ഉപാധികൾ, വായ്പ, ഗവേഷണം, ജലസേചന സൗകര്യം, വിജ്ഞാന വ്യാപനം, മതിയായ വില എന്നിവ കർഷകർക്ക് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

(സി) ഉല്പാദന ഉപാധികൾ, വായ്പ, ഗവേഷണം, ജലസേചന സൗകര്യം, വിജ്ഞാന വ്യാപനം, മതിയായ വില എന്നിവ് കർഷകർക്ക് ലഭ്യമാക്കുവാൻ, സംസ്ഥാന കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖാന്തിരം നെൽവിത്ത്, പച്ചക്കറി എന്നിവയുടെ ഉത്പാദനത്തിനായി 25 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കി വരുന്നു. നല്ലയിനം വിത്തിനങ്ങൾ കൃഷി ഫാമുകൾ വഴി ലഭ്യമാക്കുന്നതിന് 225 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാല വഴി നല്ലയിനം വിത്തുകൾ വിതരണത്തിനായി 50 ലക്ഷം രൂപയുടെ ഒരു പദ്ധതിയും, വി.എഫ്.പി.സി.കെ മുഖാന്തിരം ഈയിനത്തിൽ 325 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കി വരുന്നു.

നെല്ല് , പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യുന്നതിന് 2007-08-ൽ നടപ്പിലാക്കിയ പലിശ രഹിത വായ്പ നൽകുന്ന പദ്ധതി സഹകരണ വകുപ്പു വഴി തുടർന്നു വരുന്നു.

കാർഷിക വിളകളുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ പച്ചക്കറി കൃഷി വികസന പദ്ധതി , സമഗ്ര നെൽകൃഷി വികസന പദ്ധതി , സമഗ്ര തെങ്ങു കൃഷി

വികസന പദ്ധതി എന്നിവയിൽ ഒരു ഘടകമായി 'ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ' ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്.

കാർഷിക വിളകളുടെ ഗവേഷണത്തിനായി കേരള കാർഷിക സർവ്വകലാശാല മുഖാന്തിരം, വിവിധ ഗവേഷണ പരിപാടികൾ നടന്നു വരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ഹ്യൂമൻ റിസോഴ്സ് ഡവലപ്പമെൻറ് പദ്ധതി പ്രകാരം 150 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി 705 ലക്ഷം രൂപയുടെ ഒരു പ്രത്യേക പദ്ധതിയും നടപ്പാക്കി വരുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വില ഉറപ്പാക്കുന്നതിൻെറ ഭാഗമായി നെല്ല്, തേങ്ങ എന്നിവയ്ക്ക് കാലാകാലങ്ങളിൽ തറവില നിർണ്ണയിക്കാറുണ്ട്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ വിപണി ഇടപെടൽ നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം 350 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതാണ്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 129 11/07/2011-ലെ മറുപടിക്ക്.

ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് വിനിയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ ;<br>ശ്രീ. എ. എം. ആരിഫ് ;<br>ശ്രീ. ബാബു. എം. പാലിശ്ശേരി;<br>ശ്രീ. കെ. ദാസൻ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച നിയമ വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) തൊഴിലാളികളുടെ ക്ഷേമത്തിനും വാർദ്ധ്യക്യകാല ജീവിതത്തിനും ഉപകരിക്കേണ്ട ഫണ്ട് മറ്റേതെങ്കിലും കാര്യത്തിന് വിനിയോഗിക്കാൻ നില വിലുള്ള നിയമത്തിൽ വ്യവസ്ഥയുണ്ടോ; | (ബി) വ്യവസ്ഥയില്ല. |
| (സി) ക്ഷേമനിധി ബോർഡുകളിൽ നീക്കിയിരിപ്പുള്ള ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) ക്ഷേമനിധി ബോർഡുകളിൽ നീക്കിയിരിപ്പുള്ള ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 1 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 35,00,00,000/- രൂപ |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, | 1,14,00,000/- രൂപ |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 1,68,18,086/- രൂപ |
| 4 | കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | 6,16,47,77,417/- രൂപ |
| 5 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 12,64,53,980.68/- രൂപ |
| 6 | കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 11,43,44,00,000/- രൂപ |
| 7 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 120,00,00,000/- രൂപ |
| 8 | കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 2,08,84,473/- രൂപ |
| 9 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2,84,93,644.60/- രൂപ |
| 10 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,29,40,45,113.89/- രൂപ |
| 11 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | 5,83,25,500/- രൂപ |
| 12 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , | 630,00,00,000/- രൂപ |
| 13 | കേരള ഷോപ്പ് ആൻറ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 20,77,50,000/- രൂപ |
| 14 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, | 35,96,920/- രൂപ |
| 15 | കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് | ബോർഡ് പ്രവർത്തനം ആരംഭിച്ചതേയുള്ളൂ. ഫണ്ട് ശേഖരിച്ചു തുടങ്ങിയിട്ടില്ല. |
| 16 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി | 1,15,00,000/- രൂപ |
| 17 | ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി | 4,19,50,000/- രൂപ |
| 18 | കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി | 40,09,11,359/- രൂപ |
| 19 | കേരള ബാർബർ ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി | 1,35,00,000/- രൂപ |
| 20 | കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | 15,00,000/- രൂപ |

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 130

11.7.2011 - ൽ മറുപടിയ്ക്ക്

## കേന്ദ്ര പദ്ധതിതുകകളും ഗ്രാന്റുകളും സമയബന്ധിതമായി ചെലവഴിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ: പി. എ. മാധവൻ<br>ശ്രീ: സി. പി. മുഹമ്മദ്<br>ശ്രീ: ഷാഫി പറമ്പിൽ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന വിവിധ പദ്ധതി തുകകളും ഗ്രാന്റുകളും സമയബന്ധിതമായി ചെലവഴിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ അടിയന്തിരമായി സമർപ്പിക്കുവാൻ 2.7.2011 - ൽ ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എന്ത് തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ; | ബി) ലഭിച്ച തുക 9991.92 കോടി<br>ചെലവ് 7151.2 കോടി |
| സി) കുട്ടനാട്, ഇടുക്കി പാക്കേജുകൾക്കായി സംസ്ഥാനത്തിന് എന്ത് തുക വീതമാണ് അനുവദിച്ചതെന്നും ഇതിന് 31.3.2011 വരെയുള്ള ചെലവ് എത്രയെന്നും വ്യക്തമാക്കുമോ; | സി) കുട്ടനാട് പാക്കേജിന് 1019 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 86.05 കോടി അനുവദിച്ചു. 54.22 കോടി രൂപ ചെലവഴിച്ചു. ഇടുക്കി പാക്കേജിന് 211.34 കോടി രൂപ വകയിരുത്തിയതിൽ 95.21 കോടി രൂപ അനുവദിച്ചു. 53.20 കോടി രൂപ ചെലവഴിച്ചു. |

| | | | |
|---|---|---|---|
| ഡി) | കേന്ദ്ര സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; | ഡി) | ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം തൃപ്തികരമാണെന്ന് ഗവൺമെൻറ് കരുതുന്നില്ല. ആയതിനാൽ മോണിറ്ററിംഗ് ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| ഇ) | സംസ്ഥാനത്തിൻെറ വിവിധ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി നേടിയെടുക്കാൻ ഡൽഹിയിൽ പ്രത്യേക സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ) | നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 131 11.7.2011- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ :<br>ശ്രീ.മുല്ലക്കര രത്നാകരൻ:<br>ശ്രീമതി.ഇ.എസ്.ബിജിമോൾ:<br>ശ്രീ.ചിറ്റയം ഗോപകുമാർ : | ശ്രീ. കെ.പി.മോഹനൻ<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കേന്ദ്ര സർക്കാർ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ യോഗം വിളിച്ചു ചേർത്തതെന്നാണെന്നും യോഗതീരുമാനങ്ങൾ എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ ; | (എ) എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കേന്ദ്ര സർക്കാർ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്.<br>2011 ജൂൺ മാസം 3-ാം തീയതിയാണ് യോഗം വിളിച്ചു ചേർത്തത്. യോഗതീരുമാനത്തിൻെറ വിശദാംശം ഇതുവരെ ലഭിച്ചിട്ടില്ല. |
| ബി) പ്രസ്തുത യോഗത്തിൽ സംസ്ഥാനമെടുത്ത നിലപാട് എന്തായിരുന്നു, മറ്റ് സംസ്ഥാനങ്ങളുടെ നിലപാടുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | ബി) കേരളത്തിലെ പ്രതിനിധികൾ എൻഡോസൾഫാൻ ഇന്ത്യയിലുടനീളം നിരോധിക്കണം എന്നാവശ്യപ്പെടുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിലെ പ്രതിനിധികൾ സംയോജിത കീടനിയന്ത്രണത്തിൻെറ ഭാഗമായി എൻഡോസൾഫാൻ എന്ന കീടനാശിനി വ്യാപകമായി നിർദ്ദേശിക്കുന്നതിനായി അറിയിച്ചു. പരിസ്ഥിതിക്ക് ദോഷം വരുത്താത്തതും കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നതും, വില കുറഞ്ഞതുമായ കീടനാശിനിയാണ് എൻഡോസൾഫാൻ എന്നും അവർ യോഗത്തിൽ അറിയിക്കുകയുണ്ടായി. |

| | |
|---|---|
| സി ഈ യോഗതീരുമാനത്തിൽ കേരളം ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് അറിയിച്ചിട്ടുണ്ടോ ; | സി) യോഗതീരുമാനത്തിന്റെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ ഈ വിഷയം സംബന്ധിച്ച് കേരളത്തിന്റെ ആശങ്ക യോഗത്തിൽ പങ്കെടുത്ത പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. |
| ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി കേന്ദ്രത്തോട് എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ; ഇതിനകം കേന്ദ്ര സർക്കാർ അനുവദിച്ച സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി നോഡൽ ഓഫീസർ സമർപ്പിച്ച 125.74 കോടി രൂപയുടെ ദുരിതാശ്വാസ പാക്കേജും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ വേണ്ടി 217.14 കോടി രൂപയും ചേർത്ത് 342.88 കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും സഹായങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132 *</u> 11.07.2011-ൽ മറുപടിയ്ക്ക്

**<u>ഏലത്തിന്റെ വിലയിടിവ് നേരിടുന്നതിനുള്ള നടപടികൾ</u>**

| *ചോദ്യം* | | | *മറുപടി* |
|---|---|---|---|
| ശ്രീ. വി. ശശി:<br>" പി. തിലോത്തമൻ :<br>" കെ. അജിത് : | | | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ഏലം വിലയിടിവ് മൂലം കർഷകർക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏലത്തിന്റെ വിലയിടിവ് നേരിടുന്നതിന് ഇടുക്കി പാക്കേജിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഏലത്തിന് വില സ്ഥിരതാഫണ്ട് ഉണ്ടാക്കുന്നതിനായി 250 കോടി രൂപ ഇടുക്കി പാക്കേജിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഏലത്തിന് തറ വില നിശ്ചയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | ഇല്ല.<br>തലവില നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | സ്പൈസസ് ബോർഡ് മുഖേന ഏലം സംഭരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സ്പൈസസ് ബോർഡുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

Shelly. P

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133 | 11.7.2011-ൽ മറുപടിയ്ക്ക്

## "എൻഡോസൾഫാൻ ദുരിതബാധിതർ"

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരായി എത്രപേരുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ) എൻഡോസൾഫാൻ ദുരിതബാധിതരായി കാസർഗോഡ് ജില്ലയിൽ 4273 പേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഇക്കാര്യം ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്ത് എൻഡോസൾഫാൻ ഉൽപ്പാദനം, ഉപയോഗം എന്നിവയുടെ കാര്യത്തിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | ബി) സംസ്ഥാനത്ത് എൻഡോസൾഫാൻ ഉപയോഗം 21.10.2006-ൽ കേന്ദ്രസർക്കാർ ഒരു നോട്ടിഫിക്കേഷനിലൂടെ നിരോധിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതി 14.5.2011 -ലെ ഡി.നം.1291/2011/ എസ്.സി/പി.ഐ.എൽ (റിട്ട്) പ്രകാരം നിലവിൽ കേരളത്തിലും എൻഡോസൾഫാന്റെ ഉൽപ്പാദനവും വിൽപ്പനയും ഉപയോഗവും താൽക്കാലികമായി നിരോധിച്ചിരിക്കുകയാണ്. |
| സി) എൻഡോസൾഫാൻ ദുരിത ബാധിതർക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) ജില്ലയിലെ 11 ഗ്രാമപഞ്ചായത്തിലെ ദുരിതബാധിതരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച സെല്ല് വഴി താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കിയത്.<br>1. വിദഗ്ദ്ധ ചികിത്സ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആയത് ലഭ്യമാക്കൽ.<br>2. ദീർഘകാലം മരുന്നു കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കൽ. |

3. ദുരിതബാധിതരിൽ ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്കുള്ള ദൃശ്യ-ശ്രാവ്യ-ചലനോപകരണങ്ങൾ ലഭ്യമാക്കൽ.

രോഗികൾക്ക് ചികിത്സാ ആശ്വാസ പ്രതിപാടികൾ സംഘടിപ്പിക്കുന്നതിനായി 2007-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് 2010-ൽ **CMDRF** -ൽ നിന്ന് 15 ലക്ഷം രൂപ കൂടി അനുവദിച്ചു.

ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകുന്നതിനായി ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ ടീമുകൾ നിലവിലുണ്ട്. അലോപ്പതി-ആയുർവേദ-ഹോമിയോ ഡോക്ടർമാർ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മാനസിക വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള **Special Educator, Psychiatric Social Worker** എന്നിവരടങ്ങുന്ന മെഡിക്കൽ സംഘം ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളിലുമെത്തി ചികിത്സ ലഭ്യമാക്കുന്നു. ഇതിനകം 2430 ആളുകൾ ഈ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട് ആവശ്യമനുസരിച്ച് തുടർചികിത്സ കൂടി ലഭ്യമാക്കി വരുന്നു.

കിടപ്പിലായ രോഗികൾക്ക് സാന്ത്വനചികിത്സ ലഭ്യമാക്കുന്നതിനായി 11 ഗ്രാമപഞ്ചായത്തുകളിലും സ്റ്റാഫ് നഴ്സിനെ നിയമിക്കുകയും ഓരോ വാഹനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും ഇവിടങ്ങളിൽ ലഭ്യമാണ്.

വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ആയത് പൂർണ്ണമായും

| | |
|---|---|
| | സൗജന്യമായി ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 11 ആശുപത്രികളിൽ ആവശ്യമായ ക്രമീകരണം വരുത്തിയിട്ടുണ്ട്. |
| | കിടപ്പിലായവരും ഗുരുതരമായ അസുഖങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പ്രതിമാസം 2000/ രൂപയും അല്ലാത്തവർക്ക് പ്രതിമാസം 1000 രൂപയും സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി തുക വിതരണം ചെയ്തുവരുന്നു. |
| | ... തദ്ദേശഭരണസ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി NRHM പദ്ധതിയുടെ ഭാഗമായി 165 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| | കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായത്തോടുകൂടി ചെറുതുരുത്തി ദേശീയ പഞ്ചകർമ്മ ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, ചീമേനി എന്നീ ആയുർവേദ ആശുപത്രികളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചകർമ്മ ചികിത്സയുള്ള ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 50 രോഗികൾക്ക് ഇതിന്റെ ഭാഗമായി സേവനം ലഭ്യമാക്കുന്നതാണ്. |
| | സെല്ലിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി നേരത്തെ ഉൾപ്പെട്ട 11 ഗ്രാമപഞ്ചായത്തുകൾക്ക് പുറത്തുനിന്നുള്ള 22 ഗ്രാമപഞ്ചായത്തുകളിലെയും ആളുകൾകൂടി ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടുന്നു. |

| | |
|---|---|
| ഡി) രോഗബാധിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ജില്ലാ ആസ്ഥാനങ്ങളിൽ ഹെൽപ്പ് ഡെസ്ക്, പ്രായമാവർക്ക് ഓൾഡ് ഏജ് വില്ലേജുകൾ എന്നിവ ഏർപ്പെടുത്തുമോ? | ഡി) 2011-12 അദ്ധ്യയന വർഷത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപ വീതവും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപവീതവും 11 ഉം 12ഉം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് 2500/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. 1808 കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ ഹെൽപ്പ് ഡെസ്ക്, പ്രായമായവർക്ക് ഓൾഡ് ഏജ് വില്ലേജുകൾ എന്നിവയുടെ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നംപർ. 134 | 11.07.2011 ൽ<br>മറുപടിയ്ക്ക് |

പരമ്പരാഗത ഗ്രാമ വ്യവസായങ്ങളുടെ പുനരുദ്ധാരണവും
വൈവിധ്യവൽക്കരണവും

ചോദ്യം | ഉത്തരം

**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:**
" **റ്റി.എ. അഹമ്മദ് കബീർ:**
" **കെ.എൻ.ഇ. ഖാദർ**
" **കെ.എം. ഷാജി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**( ബഹു. സഹകരണ വകുപ്പ് മന്ത്രി)**

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പുനരുദ്ധാരണവും വൈവിധ്യ വൽക്കരണവും നടത്തി അത്തരം തൊഴിലിൽ ഏർപ്പെടുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രേരിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പുനരുദ്ധാരണവും വൈവിധ്യവൽക്കരണവും നടത്തി അത്തരം തൊഴിലിൽ ഏർപ്പെടുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രേരിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങൾ മുഖേനയാണ് ഈ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

**ഖാദിമേഖല**

1. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി കമ്മീഷന്റെ സഹായത്തോടെ പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) നിലവിലുണ്ട്. ഇത് പ്രകാരം ധനകാര്യ സ്ഥാപനങ്ങളുടെ (ദേശസാൽകൃത/ ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ) സാമ്പത്തിക സഹായത്തോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് ഉല്പാദന പ്രവർത്തനം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംരംഭകർക്ക് പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായി ഖാദിബോർഡിൽ നിന്ന് ലഭിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ സംരംഭകർക്ക് മുതൽ മുടക്കിന്റെ 95% വരെ വായ്പ നൽകുന്നുണ്ട്.

2. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന്വേണ്ടി തേൻ കലവറ എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ അനുവദിച്ചു. 2011-12 വർഷം 10 ലക്ഷം രൂപ ഇതിലേയ്ക്ക് വകയിരുത്തി. ഈ പദ്ധതിയിൻകീഴിൽ തേനീച്ച വളർത്തലിൽ പരിശീലന പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ചക്കൂട് ഒന്നിന് 50% (പരമാവധി 600 രൂപ) സബ്സിഡിയായി നൽകുന്നുണ്ട്. കർഷകരിൽ നിന്നും തേൻ ശേഖരിച്ച് പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ഒരു തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

3. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ് ഷിപ്പ് പരിപാടിയിൻകീഴിൽ പ്രത്യേക തൊഴിൽദാന പദ്ധതി 2007-08 ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഓരോ പ്രോജക്റ്റിന്റെയും ചെലവിന്റെ കുറഞ്ഞ പരിധി 10,000/- രൂപയും കൂടിയ പരിധി 50,000/- രൂപയും ആയി നിശ്ചയിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. പ്രോജക്റ്റ് ചെലവിന്റെ 30% സർക്കാർ കരുതൽ ധനമായി നൽകുന്നതാണ്. പരമ്പരാഗത വ്യവസായ യൂണിറ്റുകളായ പയറു വർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ സംസ്കരിക്കുന്ന യൂണിറ്റുകൾക്ക് ഖാദിഗ്രാമ വ്യവസായ ബോർഡ് സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവ നൽകുന്നതാണ്. മറ്റ് ചെറിയ വ്യവസായ യൂണിറ്റുകളായ ചിപ്സ്, അച്ചാർ, ചന്ദനത്തിരി നിർമ്മാണ യൂണിറ്റുകൾ, സൈക്കിൾ വർക്ക്ഷോപ്പ്, ബാർബർഷോപ്പ് , അലക്ക്, മെഴുകുതിരി നിർമ്മാണം എന്നീ വ്യവസായ യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നതാണ്. ഇതിലൂടെ 2800 പേർക്ക് തൊഴിലവസരം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി ഗ്രാമവ്യവസായ തൊഴിലാളികളുടെ തൊഴില വസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ

ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

**കൈത്തറി മേഖല**

കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി "കൈത്തറി സഹകരണ സംഘങ്ങളുടെയും അപെക്സ് സംഘങ്ങളുടെയും പുനരുദ്ധാരണത്തിനുള്ള പദ്ധതി" നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തന്നെ ഉല്പന്ന വൈവിധ്യവൽക്കരണ പദ്ധതിയും നിലവിലുണ്ട്.

കൈത്തറി മേഖലയിൽ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രോത്സാഹിപ്പി ക്കുന്നതിനുമായി ഈ മേഖലയെ "ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി "പ്രോഡക്ട് ഡെവല പ്മെന്റ് അസിസ്റ്റൻസ്" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു

**കയർ വ്യവസായം**:

കയർ വ്യവസായ മേഖലയിൽ പുനരുദ്ധാരണവും വൈവിധ്യവൽക്കരണവും, തൊഴിലാളി ക്ഷേമവും ലക്ഷ്യമാക്കി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

1. കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം.
2. കയർ പിരി മേഖലയിൽ നൽകി വരുന്ന കൂലി 150 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിക്കുക.
3. ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണത്തിന്റെ ചുമതല കയർ സഹകരണ സംഘങ്ങളെ ഏല്പിക്കുക, തൊണ്ട് സംഭരണത്തിനാവശ്യമായ പ്രവർത്തന മൂലധനം നൽകുക.
4. അടിസ്ഥാന സൗകര്യം നിലവിലുള്ള സഹകരണ സംഘങ്ങൾക്കെല്ലാം ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതി തുടരുക.
5. സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വർക്ക്ഷെഡ്,

ടോയിലറ്റ് തുടങ്ങിയ വയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു.

6. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന ക്രയ വില സ്ഥിരത പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി കയറ്റുമതിക്കാരിൽ നിന്നും പരമാവധി ഓർഡറുകൾ സ്വീകരിച്ച് ചെറുകിട ഉല്പാദക സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലും, തൊഴിലവസരങ്ങളും ലഭ്യമാക്കുക.

7. കയർ ഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ആവശ്യാനുസരണം ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായവില നൽകി സംഭരിക്കുകയും ചെയ്യുക.

8. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

9. തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു.

**<u>മുള വ്യവസായ മേഖല</u>** :-

പുനരുദ്ധാരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും ഭാഗമായി തൊഴിലാളികളുടെ അധ്വാനഭാരം കുറച്ച് കൂടുതൽ വേതനം ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ 13 സാമൂഹ്യ യന്ത്രവൽക്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി 17 കേന്ദ്രങ്ങൾ കൂടി തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

2006 ഡിസംബർ മുതൽ ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 15% വും ഡിസംബർ 2008 മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് 15% വും പനമ്പ് നെയത്ത് തൊഴലാളികൾക്ക് 10% വും കൂലി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**<u>കരകൗശല മേഖല</u>:-**

കരകൗശല മേഖലയിലെ ഉന്നതതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ

സ്ഥാപനങ്ങൾക്ക് അവ സമർപ്പിക്കുന്ന പ്രായോഗികമായ പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നു.

കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കരകൗശല യൂണിറ്റുകളുടെ നവീകരണം, പുതിയ ഡിസൈനുകളുടെ വികസനവും, പ്രോത്സാഹനവും, എന്നിവയുമായുള്ള ഫ്ലാഗ്ഷിപ്പ് പരിപാടികൾ മേൽപ്പറഞ്ഞ പ്രോജക്ടുകളിൽ ഉൾപ്പെടുന്നു.

കരകൗശല/കൈത്തൊഴിൽ മേഖലയിൽ വ്യവസായ സംരംഭകർക്ക് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. വനിതകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പിന്നോക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും സാമ്പത്തിക വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രണ്ട് പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനും (NBCFDC) ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനും (NMFDC) നടപ്പിലാക്കി വരുന്നു. ഇവയുടെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടാത്തതും എന്നാൽ ദാരിദ്യ രേഖയ്ക്ക് താഴെയുള്ളതുമായ കൈത്തൊഴിൽകാർക്ക് കാലാവധി വായ്പ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

കരകൗശല തൊഴിലാളികൾക്കുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു.

കരകൗശല പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവയുടെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിന് മൂലധന ഓഹരി അംശാദായമായി നൽകി വരുന്നു. ഈ മേഖലയിൽ 60 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള മാസ്റ്റർ ക്രാഫ്റ്റ്സ്മാൻമാർക്ക് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

പുതിയ ഡിസൈൻ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കരകൗശല തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി വരുന്നു. വ്യാപാര മേളകൾ സംഘടിപ്പിച്ച് പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നു. ആർട്ടിസാൻസ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപി

ക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഈ സാമ്പത്തിക വർഷം സുരഭിയ്ക്ക് 25 ലക്ഷം രൂപയും, കാഡ്കോയ്ക്ക് 20 ലക്ഷം രൂപയും, ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 75 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ബീഡിമേഖല :**

ബീഡി വ്യവസായ രംഗത്തുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഈ മേഖലയിൽ ഉല്പന്ന വൈവിധ്യവൽക്കരണം നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ദിനേശ് ബീഡി സഹകരണ സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സഹകരണ മേഖലയ്ക്ക് പുറത്തുള്ള ബീഡി തൊഴിലാളികൾക്ക് മറ്റ് മേഖലകളിൽ തൊഴില വസരങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന തിനായി ഫ്ലാഗ്ഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരള ദിനേശ് ബീഡിയുടെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും, അനുബന്ധ പ്രൈമറി സംഘങ്ങളിലും തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികൾക്ക് 45 വയസ്സ് പൂർത്തിയാകുമ്പോൾ ജോലിയിൽ നിന്ന് പിരിഞ്ഞ് പോകുന്നതിന് അനുവാദം നൽകുകയും 55 വയസ്സ് പൂർത്തിയാകുന്നതു വരെ പ്രതിമാസം 500 രൂപ നിരക്കിൽ പ്രത്യേക പെൻഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ബീഡി വ്യവസായം ശക്തിപ്പെടു ത്തുന്നതിന് 10 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) പരിസ്ഥിതി സൗഹൃ ദങ്ങളായ ഗ്രാമവ്യ വസായ ഉല്പന്നങ്ങളുടെ പ്രചാരണത്തിന് നൽകിവരുന്ന പ്രോത്സാ ഹനങ്ങൾ എന്തൊ ക്കെയാണ്; | ബി) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)/ സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതി എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദങ്ങളായ ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് സംരംഭകർക്ക് സബ്സിഡി നൽകുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതയിൽ പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ പ്രോജക്ട് ചെലവിന്റെ 30% തുക മാർജിൻ മണി ഗ്രാന്റായും ഖാദിബോർഡിൽ നിന്നും നൽകി |

വരുന്നു.

മേളകളിൽ പങ്കെടുക്കുന്ന കയർമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഇവയ്ക്ക് ചെലവിന്റെ 50% എക്സിബിഷൻ ഗ്രാന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി അനുവദിച്ചു വരുന്നു.

2010-11 വർഷം കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരമ്പരാഗത വ്യവസായങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് 5 കയർ ഫെഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കി " കയർ കേരള 2011 " അന്താരാഷ്ട്ര എക്സിബിഷൻ സംഘടിപ്പിച്ചു.

ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിന്റെഭാഗമായി 2009- മുതൽ വിജയകരമായി നടപ്പിലാക്കി വരുന്ന "ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം " പദ്ധതി കൂടുതൽ ആകർഷകമായി 2011-ലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു

കയറിനും, കയർ ഉല്പന്നങ്ങൾക്കും ആഭ്യന്ത വിദേശവിപണി കണ്ടെത്തുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം ആരംഭിക്കുന്നതിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

പരമ്പരാഗത വ്യവാസയ ഉല്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന് വേണ്ടി സുരഭി, കാഡ്കോ, കരകൗശല വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ധനസഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| സി) | ഗ്രാമവ്യവസായാവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത ക്കുറവ്, തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഗ്രാമ വ്യവസായി കോല്പന്നങ്ങളുടെ ഒരു സംഭരണ, പ്രദർശന, വില്പന സ്റ്റാൾ ഓരോ ഗ്രാമപഞ്ചായത്താഫിസിനോടും അനുബന്ധിച്ച് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പുനരുദ്ധാരണവും വൈവിധ്യവൽക്കരണവും നടത്തി അത്തരം തൊഴിലിൽ ഏർപ്പെടുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രേരിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൈത്തറി-ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്, കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പരമ്പരാഗത ഗ്രാമ വ്യവസായങ്ങളുടെ പുനരുദ്ധാരണവും വൈവിധ്യവൽക്കരണവും പരമ്പരാഗത ഗ്രാമവ്യവസായങ്ങളിൽ ഏർപ്പെടുന്നവരുടെ ക്ഷേമവും മറ്റും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

**<u>ഖാദിമേഖല</u>**

പരമ്പരാഗത ഗ്രാമ വ്യവസായങ്ങളുടെ പുനരുദ്ധാരണവും, വൈവിധ്യവൽക്കരണവും, പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും ലക്ഷ്യമാക്കി ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ഇനിപ്പറയും പ്രകാരമാണ്:-

1) ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി കമ്മീഷന്റെ സഹായത്തോടെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) നിലവിലുണ്ട്. ഇത് പ്രകാരം ധനകാര്യ സ്ഥാപനങ്ങളുടെ (ദേശസാൽകൃത/ ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ) സാമ്പത്തിക സഹായ ത്തോടെ പഞ്ചായത്ത് പ്രദേശങ്ങളിൽ ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിച്ച് ഉല്പാദന പ്രവർത്തനം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സംരഭകർക്ക് പ്രോജക്ട് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായി ഖാദിബോർഡിൽ നിന്ന് ലഭിക്കുന്നതാണ്. ധനകാര്യ സ്ഥാപനങ്ങൾ സംരംഭകർക്ക് മുതൽ മുടക്കിന്റെ 95% വരെ വായ്പ നൽകുന്നുണ്ട്.

2) പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന്വേണ്ടി " തേൻ കലവറ" എന്ന പദ്ധതി നടപ്പാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 40 ലക്ഷം രൂപ അനുവദിച്ചു. 2011-12 വർഷം 10 ലക്ഷം രൂപ ഇതിലേയ്ക്ക് വകയിരുത്തി. ഈ പദ്ധതിയിൻകീഴിൽ തേനീച്ച വളർത്തലിൽ പരിശീലന

പരിപാടി നടപ്പാക്കി വരുന്നുണ്ട്. തേനീച്ച് കൂട് ഒന്നിന് 50% (പരമാവധി 600 രൂപ) സബ്സിഡിയായി നൽകുന്നുണ്ട്. കർഷകരിൽ നിന്നും തേൻ ശേഖരിച്ച് പ്രോസസ്സ് ചെയ്ത് വിൽക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം കോട്ടയം ജില്ലയിലെ പാമ്പാടിയിൽ ഒരു തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

3) പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ് ഷിപ്പ് പരിപാടിയിൻകീഴിൽ പ്രത്യേക തൊഴിൽദാന പദ്ധതി 2007-08 ആരംഭിച്ചു. ഈ പദ്ധതിയിൽ ഓരോ പ്രോജക്ടിന്റെയും ചെലവിന്റെ കുറഞ്ഞ പരിധി 10,000/- രൂപയും കൂടിയ പരിധി 50,000/- രൂപയും ആയി നിശ്ചയിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. പ്രോജക്ട് ചെലവിന്റെ 30% സർക്കാർ കരുതൽ ധനമായി നൽകുന്നതാണ്. പരമ്പരാഗത വ്യവസായ യൂണിറ്റുകളായ പയറു വർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ സംസ്കരിക്കുന്ന യൂണിറ്റുകൾക്ക് ഖാദിഗ്രാമ വ്യവസായ ബോർഡ് സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവ നൽകുന്നതാണ്. മറ്റ് ചെറിയ വ്യവസായ യൂണിറ്റുകളായ ചിപ്സ്, അച്ചാർ, ചന്ദനത്തിരി നിർമ്മാണ യൂണിറ്റുകൾ, സൈക്കിൾ വർക്ക്ഷോപ്പ്, ബാർബർഷോപ്പ് , അലക്ക്, മെഴുകുതിരി നിർമ്മാണം എന്നീ വ്യവസായ യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നതാണ്. ഇതിലൂടെ 2800 പേർക്ക് തൊഴിലവസരം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിലേയ്ക്കായി 2011-12 വർഷത്തിൽ 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) ഗ്രാമ വ്യവസായ സഹകരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് 35 ലക്ഷം രൂപ 2008-09-ൽ വകയിരുത്തി ഇതിലൂടെ 17 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചു. വരും കൊല്ലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

5) സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി ഗ്രാമവ്യവസായ തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

**കൈത്തറി മേഖല**

കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി "കൈത്തറി സഹകരണ സംഘങ്ങളുടെയും

അപെക്സ് സംഘങ്ങളുടെയും പുനരുദ്ധാരണത്തിനുള്ള പദ്ധതി " നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തന്നെ ഉല്പന്ന വൈവിധ്യ വൽക്കരണ പദ്ധതിയും നിലവി ലുണ്ട്.

കൈത്തറി മേഖലയിൽ തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ മേഖലയെ "ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി "പ്രോഡക്ട് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ്" എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

**കയർ വ്യവസായം**:

കയർ വ്യവസായ മേഖലയിൽ പുനരുദ്ധാരണവും വൈവിധ്യവൽക്കരണവും, തൊഴിലാളി ക്ഷേമവും ലക്ഷ്യമാക്കി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ് :-

1) കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം.
2) കയർ കയർപിരി മേഖലയിൽ നൽകി വരുന്ന കൂലി 150 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിക്കുക.
3) ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണത്തിന്റെ ചുമതല കയർ സഹകരണ സംഘങ്ങളെ ഏല്പിക്കുക, തൊണ്ട് സംഭരണത്തിനാവശ്യ മായ പ്രവർത്തന മൂലധനം നൽകുക.
4) അടിസ്ഥാന സൗകര്യം നിലവിലുള്ള സഹകരണ സംഘങ്ങൾക്കെല്ലാം ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയി ലുള്ളവർക്ക് സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതി തുടരുക.
5) സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വർക്ക്ഷെഡ്, ടോയിലറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായം അനു വദിച്ചു വരുന്നു.
6) കേരള കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന ക്രയ വില സ്ഥിരത പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി കയറ്റുമതിക്കാരിൽ നിന്നും പരമാവധി ഓർഡറുകൾ സ്വീകരിച്ച് ചെറുകിട ഉല്പാദക സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലും, തൊഴിലവസരങ്ങളും ലഭ്യമാക്കുക.
7) കയർ ഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ആവശ്യാനുസരണം ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായവില നൽകി സംഭരിക്കുകയും ചെയ്യുക.

8) വൈവിധ്യവർക്കരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ തുടരുക.
9) തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കി കൊണ്ട് ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിക്കുക.

**മുള വ്യവസായ മേഖല** :-

മുള വ്യവസായധിഷ്ഠിതമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഈറ്റ വെട്ട്-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നത്.

പുനരുദ്ധാരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും ഭാഗമായി തൊഴിലാളികളുടെ അധ്വാനഭാരം കുറച്ച് കൂടുതൽ വേതനം ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ 13 സാമൂഹ്യ യന്ത്രവൽക്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി 17 കേന്ദ്രങ്ങൾ കൂടി തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

2006 ഡിസംബർ മുതൽ ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 15% വും ഡിസംബർ 2008 മുതൽ ഈറ്റ വെട്ട് തൊഴിലാളികൾക്ക് 15% വും പനമ്പ് നെയത്ത് തൊഴലാളികൾക്ക് 10% വും കൂലി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**കരകൗശല മേഖല**:-

കരകൗശല മേഖലയിലെ ഉന്നതതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അവ സമർപ്പിക്കുന്ന പ്രായോഗികമായ പ്രോജക്ക്റ്റുകളുടെ അടിസ്ഥാനത്തിൽ ധനസഹായം ലഭ്യമാക്കുന്നു.

കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കരകൗശല യൂണിറ്റുകളുടെ നവീകരണം, പുതിയ ഡിസൈനുകളുടെ വികസനവും, പ്രോത്സാഹനവും, എന്നിവയുലായുള്ള ഫ്ലാഗ്ഷിപ്പ് പരിപാടികൾ മേൽപ്പറഞ്ഞ പ്രോജക്റ്റുകളിൽ ഉൾപ്പെടുന്നു.

കരകൗശല/ കൈത്തൊഴിൽ മേഖലയിൽ വ്യവസായ സംരംഭകർക്ക് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. വനിതകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പിന്നോക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും സാമ്പത്തിക വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രണ്ട് പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനും (NBCFDC) ദേശീയ ന്യൂനപക്ഷ ധനകാര്യ

വികസന കോർപ്പറേഷനും (NMFDC) നടപ്പിലാക്കി വരുന്നു. ഇവയുടെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെടാത്തതും എന്നാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതുമായ കൈത്തൊഴിൽകാർക്ക് കാലാവധി വായ്പ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

കരകൗശല തൊഴിലാളികൾക്കുള്ള ആരോഗ്യ സംരക്ഷണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

കരകൗശല പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവയുടെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിന് മൂലധന ഓഹരി അംശാദായമായി നൽകി വരുന്നു. ഈ മേഖലയിൽ 60 വയസ്സ് പൂർത്തിയാക്കിയിട്ടുള്ള മാസ്റ്റർ ക്രാഫ്റ്റ്സ്മാൻമാർക്ക് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാസം 500 രൂപ നിരക്കിൽ പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

പുതിയ ഡിസൈൻ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കരകൗശല തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി വരുന്നു. വ്യാപാര മേളകൾ സംഘടിപ്പിച്ച് പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നു. ആർട്ടിസാൻസ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഈ സാമ്പത്തിക വർഷം സുരഭിയ്ക്ക് 25 ലക്ഷം രൂപയും, കാഡ്കോയ്ക്ക് 20 ലക്ഷം രൂപയും, ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 75 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**<u>ബീഡിമേഖല</u> :**

ബീഡി വ്യവസായ രംഗത്ത് പരമ്പരാഗതമായി പ്രവർത്തിച്ചിരുന്നവർക്ക് പ്രസ്തുത രംഗത്തുണ്ടായ പ്രതിസന്ധി നിമിത്തം തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായപ്പോൾ ഉല്പന്ന വൈവിധ്യവൽക്കരണം നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ദിനേശ് ബീഡി സഹകരണ സംഘം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സഹകരണ മേഖലയ്ക്ക് പുറത്തുള്ള ബീഡി തൊഴിലാളികൾക്ക് മറ്റ് മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാഗ്ഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരള ദിനേശ് ബീഡിയുടെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും, അനുബന്ധ പ്രൈമറി സംഘങ്ങളിലും തൊഴിൽ ചെയ്യുവരുന്ന തൊഴിലാളികൾക്ക് 45 വയസ്സ് പൂർത്തിയാകുമ്പോൾ ജോലിയിൽ നിന്ന് പിരിഞ്ഞ് പോകുന്നതിന് അനുവാദം

നൽകുകയും 55 വയസ്സ് പൂർത്തിയാകുന്നതു വരെ പ്രതിമാസം 500 രൂപ നിരക്കിൽ പ്രത്യേക പെൻഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ബീഡി വ്യവസായം ശക്തിപ്പെടുത്തുന്നതിന് 10 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)/ സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതി എന്നിവിയിലൂടെ പരിസ്ഥിതി സൗഹൃദങ്ങളായ ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് സംരഭകർക്ക് സബ്സിഡി നൽകുന്നുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതയിൽ പ്രോജക്റ്റ് തുകയുടെ 25% മുതൽ 35% വരെ മാർജിൻ മണി ഗ്രാന്റായും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ പ്രോജക്റ്റ് ചെലവിന്റെ 30% തുക മാർജിൻ മണി ഗ്രാന്റായും ഖാദിബോർഡിൽ നിന്നും നൽകുന്നതാണ്.

Section Officer

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 135 — 11. 07. 2011 ലെ മറുപടിക്ക്

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴിയുള്ള നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) | വർഷങ്ങളായി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും പല ഉദ്യോഗാർത്ഥികളേയും അഭിമുഖത്തിനായി പോലും വിളിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ റിപ്പോർട്ട് ചെയ്യ പ്പെടുന്ന എല്ലാ ഒഴിവുകളും ഉദ്യോഗാർത്ഥികൾ അറിയുന്ന തിനായി പത്രങ്ങളിലും മറ്റ് മാധ്യമങ്ങളിലും പ്രസിദ്ധീകരി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) | എംപ്ലോയ്മെൻറ് എക്സ്ചേ ഞ്ചുകളിലെ സീനിയോറിറ്റി ലിസ്റ്റ് സർക്കാർ വെബ് സൈറ്റുകളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | വെബ് ബേയ്സിഡ് ആപ്ലിക്കേഷനിലേക്ക് മാറ്റുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 136.** **11.07.2011-ൽ മറുപടിക്ക്**

### ബാലവേല

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. തോമസ് ചാണ്ടി**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ** | | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ)ബാലവേല നിരോധിച്ചിട്ടും ഹോട്ടലുകൾ, തീപ്പെട്ടി കമ്പനികൾ, ഇഷ്ടികക്കളം തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോഴും നിർബാധം കുട്ടികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബാലവേല നിർമ്മാർജനവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ 14 വയസ്സിൽ താഴെയുള്ള കുട്ടികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ബാലവേല കണ്ടെത്തുന്നതിനും തൊഴിൽ ഉടമയ്ക്കെതിരെ നിലവിലുള്ള ശിക്ഷാനടപടികൾ കർശനമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി)<br>&<br>(സി) | 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമ പ്രകാരം 14 വയസ്സുവരെയുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് തടയാനും നിയന്ത്രിക്കാനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഒറ്റയ്ക്കും, സ്ക്വാഡായും നിയമപരമായ പരിശോധനകളും, കൂടാതെ ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. ബാലവേല കണ്ടെത്തുന്നതിന് നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ടാക്സ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 137 — 11.7.2011 ൽ മറുപടിയ്ക്ക്

'ഭക്ഷ്യ സുരക്ഷാ പദ്ധതി'

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | : | ശ്രീ. കെ.പി. മോഹനൻ |
| ശ്രീ. കെ.വി. വിജയദാസ് | : | (കൃഷിയും മൃഗസംരക്ഷണവും, |
| പ്രൊഫ. സി. രവീന്ദ്രനാഥ് | : | അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| ശ്രീ. പി.റ്റി.എ. റഹീം | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതികൾ വല്ലതും പരിഗണനയിലുണ്ടോ ; | (എ) പരിഗണനയിലുണ്ട്. പച്ചക്കറിയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ വീട്ടു വളപ്പിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിന് 25 ലക്ഷം പച്ചക്കറി വിത്തിന്റെ കിറ്റുകൾ വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു.<br><br>നിലവിൽ സംസ്ഥാനത്തെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ മാക്രോ മാനേജ്മെന്റ് പദ്ധതി, പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |
| (ബി) നെല്ല്, പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് ഫലം കണ്ടു തുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) നെല്ല്, പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് ഫലം കണ്ടുതുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ നെല്ലിന്റെ ഉല്പാദനക്ഷമതയിലും പച്ചക്കറി വിളകളുടെ വിസ്തൃതിയിലും ഉല്പാദനത്തിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടു പോകുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) ഈ സാമ്പത്തിക വർഷവും ഭക്ഷ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ഡി) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പൂർണ്ണതോതിലുള്ള ലക്ഷ്യപ്രാപ്തിക്കായി എന്തെല്ലാം പരിപാടികളാണ് പരിഗണിക്കുന്നത് ; കൂടുതൽ വിളകളെ പ്രസ്തുത പദ്ധതിയിൻ കീഴിൽ | (ഡി) സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

1. വിജയകരമായ മാതൃകാ പദ്ധതികൾ നടപ്പാക്കൽ
2. വനിതാ ഗ്രൂപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി (നെല്ല്, പച്ചക്കറി)
3. മണ്ണിന്റെ ഫലപുഷ്ടി വിശകലന പരിപാടി
4. മൃഗസംരക്ഷണം , പൗൾട്രി, ഡയറി, മത്സ്യകൃഷി തുടങ്ങിയ മേഖലകൾ വഴിയുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. കാർഷിക യന്ത്രവൽക്കരണം
7. മറ്റ് ഭക്ഷ്യസുരക്ഷാ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുതകുന്ന സഹായക പദ്ധതികൾ
8. ജലസേചന പദ്ധതികൾ
9. മറ്റ് ബോധവൽക്കരണ പരിപാടികൾ
10. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് വഴിയുള്ള കാർഷിക സ്ഥിതി വിവര കണക്ക് ശേഖരണ പദ്ധതി

സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 2,900 ലക്ഷം രൂപയുടെയും പച്ചക്കറി വികസനത്തിന് 350 ലക്ഷം രൂപയുടെയും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പച്ചക്കറി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്ന പദ്ധതി പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T 138 11/07/2011-ലെ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ ;<br>ശ്രീമതി. ജമീലാ പ്രകാശം ;<br>ശ്രീ. മാത്യൂ റ്റി. തോമസ് ;<br>ശ്രീ. സി. കെ. നാണു ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നോട്ടിഫൈ ചെയ്തിട്ടുള്ള പല ആശുപത്രികളിലും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ, ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾ സ്മാർട്ട് കാർഡ് സുരക്ഷിതമായി സൂക്ഷിക്കാത്തതു നിമിത്തം ചില കാർഡുകൾ റീഡ് ചെയ്യാൻ സാധ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ ന്യൂനതകൾ ഒരിക്കലും ഗുണഭോക്താവിനെ ബാധിക്കാത്തവിധം 'മാന്വൽ' ആയി ക്ലെയിം ചെയ്യുന്നതിനുള്ള സമാന്തര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സേവനം ഗുണഭോക്താവിന് ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ആശുപത്രികൾക്കാണ്. ആയതിനാൽ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നു എന്ന് അതാത് ജില്ലകളിലെ ചിയാക്കിന്റെ ജില്ലാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. |

| | |
|---|---|
| (സി) ഇത് പരിഹരിക്കുന്നതിനും രോഗികൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;<br><br>(ഡി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (സി) & (ഡി) ഗുണഭോക്താവിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ തത്സമയം ചിയാക്കിന്റെ ജില്ലാ ആഫീസറെ ബന്ധപ്പെടുത്തുന്നതിനായി ഫോൺ നമ്പർ എല്ലാ ആശുപത്രികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** — **11.07.2011 ൽ മറുപടിയ്ക്ക്**

### സഹകരണ മേഖലയിലെ നിക്ഷേപം കാർഷിക ഉല്പാദന മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിലെ വർദ്ധിച്ച തോതിലുള്ള നിക്ഷേപം, കാർഷിക ഉല്പാദന മേഖലയിൽ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമാകുന്നുണ്ടോ; ഈ നിലയിൽ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; ഇതിന് സഹായകരമായ നിലപാട് നബാർഡ് സ്വീകരിക്കുന്നുണ്ടോ; | (എ) സഹകരണ സംഘങ്ങളിലെ വർദ്ധിച്ച തോതിലുള്ള നിക്ഷേപം, കാർഷിക ഉല്പാദന മേഖലയിൽ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമാകുന്നുണ്ട്. ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. കാർഷിക വായ്പ അനുവദിക്കുന്നതിന് മതിയായ തോതിൽ പുനർവായ്പ ലഭ്യമാക്കുന്നതിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നബാർഡിന്റെ ഭാഗത്തു നിന്നും കാര്യമായ സഹായം ലഭിച്ചിട്ടില്ല. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും കാർഷിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്താൽ കാർഷിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ |

കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം വർദ്ധിക്കുന്നതിനും, കൃഷി വ്യാപിപ്പിക്കുന്നതിനും, ഭക്ഷ്യോല്പാദനം വർദ്ധിക്കുന്നതിനുമുള്ള പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം നിലയിൽ സഹകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

(സി) പരിശോധിച്ചിട്ടുണ്ട്.
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടേയും സഹകരണത്തിലൂടെ സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പ വിതരണം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും നടത്തിപ്പും, കാര്യക്ഷമവും ഫലപ്രദവുമായി സംഘടിപ്പിക്കുന്നതിനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ്. ഭവന പദ്ധതിപോലുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിലുള്ള മറ്റ് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, കാർഷികേതര പ്രവർത്തനങ്ങൾ, എന്നിവ സഹകരണ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 140** **11.07.2011 – ൽ മറുപടിയ്ക്ക്**

**ലഘുകാർഷിക യന്ത്രങ്ങളുടെ പ്രചരണത്തിനുള്ള നടപടികൾ**

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
ശ്രീ. എം. ഉമ്മർ
ശ്രീ. പി. കെ. ബഷീർ
ശ്രീ. എൻ. ഷംസുദ്ദീൻ

**ഉത്തരം**

ശ്രീ. കെ.പി.മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) കാർഷിക മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന തൊഴിലാളി ക്ഷാമത്തിന് പരിഹാരമായി, ചെറുകിട കർഷകർക്കും ഉപയോഗിക്കാവുന്ന വിധമുള്ള ലഘു കാർഷിക യന്ത്രങ്ങളുടെ ഉല്പാദനവും വിതരണവും ഉപയോഗവും വ്യാപിപ്പിക്കാൻ ഉതകും വിധം കാർഷിക നയം പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഉണ്ട്.
ചെറുകിട കാർഷിക യന്ത്ര ഉപകരണങ്ങളുടെ നിർമ്മാണത്തിനായി കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ആലുവായിലെ അത്താണിയിൽ നിലവിലുണ്ട്. കാർഷിക മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെറുകിട യന്ത്രങ്ങളുടെ വിതരണവും ഉപയോഗവും വ്യാപിപ്പിക്കുന്നുണ്ട്. കോർപ്പറേഷന്റെ കീഴിലുള്ള അഗ്രോ സൂപ്പർ ബസാർ, അഗ്രോ മിനി ബസാർ, മറ്റു ജില്ലാ യൂണിറ്റുകൾ ഇവ വഴി ചെറുകിട യന്ത്രങ്ങളായ ഗാർഡൻ ടില്ലർ, വീഡ് കട്ടർ, ബുഷ് കട്ടർ, എർത്ത് ആഗർ, തെങ്ങുകയറ്റ യന്ത്രങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും ഇവ ഉപയോഗിക്കുന്നതിന് പരിശീലനം നൽകി വരികയും ചെയ്യുന്നു. ഇത് കൂടാതെ ചെറുകിട കാർഷിക ഉപകരണങ്ങൾ ഉൾപ്പെടുത്തികൊണ്ട് RKVY പദ്ധതിയിൽപ്പെടുത്തി നാല് ജില്ലകളിൽ Mechanized labour bank എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. KAMCO യിൽ നിർമ്മിക്കുന്ന വിവിധ തരം പവർ ടില്ലറുകൾ, പവർ റീപ്പറുകൾ, ഗാർഡൻ ടില്ലറുകൾ തുടങ്ങിയവ കേരളത്തിലെ കാർഷിക മേഖലയ്ക്ക് അനുയോജ്യവുമാണ്. ഇവ കൂടാതെ ട്രാക്ടറുകൾ അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ കൂടി പാടശേഖര സമിതികൾക്കും, കർഷകർക്കും സബ്സിഡി നിരക്കിൽ വിവിധ പദ്ധതികളിൽ കൂടി നൽകി വരുന്നു. അതാതു ജില്ലകളിലുള്ള കാർഷിക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ഓഫീസുകളിൽ (custom

hiring centre കളിൽ കൂടി) കാർഷിക യന്ത്ര ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകി വരുന്നു. ഇവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള യന്ത്ര ഉപകരണങ്ങളും കൃഷി ഭവൻ/കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകളിൽ ലഭ്യമാണ്.

| | |
|---|---|
| (ബി)ഓരോ കൃഷി ഭവനുകളോടും അനുബന്ധിച്ച് ഇത്തരം ലഘു യന്ത്രങ്ങൾ പൂൾ ചെയ്ത് സൂക്ഷിക്കുന്നതിനും കൃഷിക്കാർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ; | (ബി) കൃഷി വകുപ്പ് ജില്ലയിലെ കസ്റ്റം ഹയറിംഗ് സെന്റർ വഴി ആവശ്യാനുസരണം കർഷകർക്ക് ലഘുയന്ത്രങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. ഇതിനു പുറമെ പഞ്ചായത്തു മുഖേനയും ലഘുയന്ത്രങ്ങൾ പാടശേഖരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇടത്തട്ടുകാരെ ഒഴിവാക്കി വിത്തും, വളവും, സാങ്കേതിക ഉപദേശവും കൃഷി സ്ഥലത്ത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ? | (സി) പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ മുഖേനയാണ് കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. വിത്ത് കൃഷി ഭവൻ മുഖേന നേരിട്ട് കർഷകൻ/സമിതികൾ എന്നിവർക്ക് നൽകി വരുന്നു. വളങ്ങൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ കർഷകർക്ക് സൗകര്യപ്രദമായ രീതിയിൽ സഹകരണ വകുപ്പ് സ്ഥാപനങ്ങളായ ബാങ്കുകൾ, സൊസൈറ്റി, ഫാർമേഴ്സ് ബാങ്കുകൾ മുഖേന പെർമിറ്റ് നൽകിയാണ് വിതരണം ചെയ്യുന്നത്.<br>കർഷകർക്കുള്ള സാങ്കേതിക വിദ്യകൾ ഓരോ വാർഡിലെ അഗ്രോക്ലിനിക്കുകൾ, കർഷക പരിശീലന പരിപാടികൾ തുടങ്ങിയവ മുഖേന യഥാസമയം നൽകി വരുന്നു. കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് ഇടത്തട്ടുകാരായ ഒരു ഏജൻസിയേയോ, വ്യക്തിയേയോ നാളിതു വരെ നിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 141 — 11/07/2011-ലെ മറുപടിക്ക്.

## തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ ;<br>ശ്രീ. പി. എ. മാധവൻ ;<br>ശ്രീ. കെ. അച്ചുതൻ ;<br>ശ്രീ. വി. റ്റി. ബൽറാം ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സംഘടിത/ അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കായി ഏതെല്ലാം ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ നിലവിലുണ്ട്; | (എ) സംസ്ഥാനത്ത് അസംഘടിത മേഖലകളിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് നിലവിൽ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), ആം ആദ്മി ബീമാ യോജന (ആബി) എന്നീ ഇൻഷുറൻസ് പദ്ധതികൾ നിലവിലുണ്ട്. |
| (ബി) ഇതിൽ ഓരോ പദ്ധതികൾക്കുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക വീതമാണ് ചെലവഴിക്കുന്നത്; | (ബി) രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ.) പദ്ധതിക്ക് 75 % തുക കേന്ദ്ര സർക്കാരും, 25% തുക സംസ്ഥാന സർക്കാരും ചെലവഴിക്കുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്)യുടെ 100 % തുകയും ഈ പദ്ധതിയുടെ ഭാഗമായുള്ള ചിസ് പ്ലസ് എന്ന പദ്ധതിയുടെ 100 % തുകയും സംസ്ഥാന സർക്കാരാണ് ചെലവഴിക്കുന്നത്. ആം ആദ്മി ബീമാ യോജന (ആബി) പദ്ധതിയിൽ ചേരുന്ന അംഗങ്ങളുടെ പ്രീമിയം തുകയുടെ 50 % തുക കേന്ദ്ര സർക്കാരും 50 % തുക സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| (സി) കേരളത്തിൽ എത്ര വീതം തൊഴിലാളി കുടുംബങ്ങളാണ് ഓരോ പദ്ധതിയിലും അംഗങ്ങളായിട്ടുള്ളതെന്നും അറിയിക്കാമോ ? | (സി) രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ)യിൽ 11.79 ലക്ഷം കുടുംബങ്ങളും, സമഗ്ര ആരോഗ്യ ഇൻഷുറൻസിൽ 16.31 കുടുംബങ്ങളും, ആം ആദ്മീ ബീമാ യോജന (ആബി) യിൽ 3,79,920/- അംഗങ്ങളും ഉണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** — **11.07.2011 ൽ മറുപടിക്ക്**

## നബാർഡിന്റെ പുനർവായ്പാ വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ജി. സുധാകരൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ പുനർവായ്പ വിതരണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ഇതു സംബന്ധിച്ച് ഉയർന്നു വന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ; | (എ) നബാർഡിന്റെ പുനർവായ്പ വിതരണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11 (1) പാലിക്കാത്തതിനാലും, ടി ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 15% ൽ അധികരിച്ചതും കാരണം സംസ്ഥാനത്തിന് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാകുന്നില്ല. നബാർഡിൽ നിന്നും പുനർയവായ്പ ലഭ്യമാകാത്തതു കാരണം സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഉയർന്ന പലിശ നല്കി സ്വരൂപിയ്ക്കുന്ന നിക്ഷേപമാണ് 7% പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കുന്നത്. അപ്രകാരം സ്വന്തം ഫണ്ടിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിർബന്ധിതരാകുന്നതിനാൽ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് പലിശ |

നഷ്ടം ഉണ്ടാകുന്നു.

| | |
|---|---|
| (ബി) നബാർഡിന്റെ പുനർവായ്പ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) വിശദമാക്കാം. |

1. സംസ്ഥാന സഹകരണ ബാങ്കിന്റെ/ജില്ലാ സഹകരണ ബാങ്കുകളുടെ 2009 – 10 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ച് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സഹിതം ആഡിറ്റ് റിപ്പോർട്ട് നബാർഡിന്റെ റീജിയണൽ ആഫീസിൽ ലഭ്യമാക്കിയിരിക്കണം. 2010 – 11 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയായി ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സഹിതം ടി ആഡിറ്റ് സർട്ടിഫിക്കറ്റ് നബാർഡ് റീജിയണൽ ആഫീസിൽ ലഭ്യമാക്കിയിരിക്കണം.
2. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിച്ചിരിക്കുകയോ ടി വകുപ്പിൽ നിന്നും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഇളവനുവാദം ലഭ്യമാക്കുകയോ ചെയ്തിരിക്കണം.
3. ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിക്കാത്ത ബാങ്കുകളുടെ ടി വകുപ്പിൽ നിന്നുള്ള നബാർഡ് ശുപാർശ ചെയ്ത അപേക്ഷ റിസർവ് ബാങ്കിൽ/ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ ഒരു വർഷത്തിൽ കൂടുതൽ കാലം പെന്റിംഗ് ആകുവാൻ പാടുള്ളതല്ല.
4. ലൈസൻസിനുള്ള അപേക്ഷ റിസർവ് ബാങ്ക് **നിരസിച്ച സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾക്ക് പുനർവായ്പ പദ്ധതി

| | |
|---|---|
| | പ്രകാരം പുനർവായ്പയ്ക്ക് അർഹത യില്ല |
| (സി) നബാർഡിന്റെ ഏതെല്ലാം വ്യവസ്ഥകളാണ് സംസ്ഥാനത്തിന്റെ സാഹചര്യത്തിന് സഹായകരമല്ലാത്തതെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിച്ചിരിക്കണമെന്ന വ്യവസ്ഥയും, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിക്കാത്ത ബാങ്കുകളുടെ ടി വകുപ്പിൽ നിന്നുളള നബാർഡ് ശുപാർശ ചെയ്ത അപേക്ഷ റിസർവ് ബാങ്കിൽ/ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ ഒരു വർഷത്തിൽ കൂടുതൽ കാലം പെന്റിംഗ് ആകുവാൻ പാടില്ല എന്ന വ്യവസ്ഥയും, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1) വകുപ്പ് പാലിക്കാത്ത സംസ്ഥാന സഹകരണ ബാങ്കിന് പുനർവായ്പ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നല്കണമെന്നവ്യവസ്ഥയും, ഗവൺമെന്റ് ഓഫ് ഇൻഡ്യ സെക്യൂരിറ്റി പണയപ്പെടുത്തണമെന്ന വ്യവസ്ഥയും ആണ് സംസ്ഥാനത്തിന്റെ സാഹചര്യത്തിന് സഹായകരമല്ലാത്തത്. |
| (ഡി) നബാർഡ് കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുളള ഒരു നിലപാടാണോ കേരളത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിച്ചിരുന്നില്ല എന്ന കാരണത്താൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനാവശ്യമായ പുനർവായ്പ മുൻവർഷങ്ങളിൽ നബാർഡിൽ നിന്നും ലഭ്യമായിരുന്നില്ല. ആയതിൽ നിന്നും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുളള നിലപാടാണ് നബാർഡ് കേരളത്തിൽ സ്വീകരിക്കുന്നതെന്ന് പറയുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 143
# 11.7.2011 - ൽ മറുപടിയ്ക്ക്

<u>സഹകരണ ആശുപത്രികളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാധാരണക്കാർക്കും പൊതുജനങ്ങൾക്കും കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിനായി സഹകരണ ആശുപത്രികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഇതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ സഹകരണ ആശുപത്രികൾ പൊതുവിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സയും, ചികിത്സാ ചിലവിൽ ഇളവും നല്കുന്നുണ്ട്. |
| (ബി) | സ്വകാര്യ ആശുപത്രികൾ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്കിനെ നിയന്ത്രിക്കാൻ കഴിയുംവിധം പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സഹകരണ ആശുപത്രികളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 30 ലക്ഷം രൂപയും, ഓഹരിമൂലധനമായി 10 ലക്ഷം രൂപ, ആംബുലൻസ് വാങ്ങുന്നതിന് സബ്സിഡിയായി 2 ലക്ഷം രൂപ, പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിന് 25 ലക്ഷം രൂപ ഗ്രാന്റായും സംസ്ഥാന പദ്ധതി പ്രകാരം നല്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ എൻ.സി.ഡി.സി പദ്ധതിപ്രകാരം ആശുപത്രി സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, മാർജിൻ മണി, പ്രവർത്തന മൂലധനം എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. NABARD ന്റെ RIDF സ്കീം പ്രകാരവും ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 144** **11-07-2011- ൽ മറുപടിയ്ക്ക്**

### രാസ വളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. രാജു :<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. ഇ.കെ. വിജയൻ : | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഇപ്പോൾ രാസവളത്തിന് കടുത്ത ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നതെന്ന് വെളിപ്പെടുത്തുമോ ; | എ) | സംസ്ഥാനത്ത് ഇപ്പോൾ രാസവളത്തിന് കടുത്ത ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, ഫാക്ടംഫോസ് എന്നീ വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നത്. |
| ബി) | ഈ കാലവർഷക്കാലത്ത് കർഷകർക്ക് ആവശ്യമായ വളം എത്തിച്ചു കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) | കേന്ദ്ര സർക്കാരിന്റെ രാസവള മന്ത്രാലയം ഓരോ മാസത്തേക്കുമുള്ള രാസവളങ്ങളുടെ ഇനം തിരിച്ചും കമ്പനി തിരിച്ചുമുള്ള ക്വോട്ട മാസം തോറും സംസ്ഥാനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. എല്ലാ മാസവും 25-ാം തീയതിയോടുകൂടി ലഭിക്കുന്ന ക്വോട്ട അനുസരിച്ച് കൃഷി ഡയറക്ടറേറ്റിൽ കമ്പനികളുമായി ചർച്ച നടത്തി എല്ലാ ജില്ലകളിലും ആവശ്യാനുസരണം എത്തത്തക്ക രീതിയിൽ വിതരണ പ്ലാൻ തയ്യാറാക്കി 30-ാം തീയതി കേന്ദ്ര രാസവള മന്ത്രാലയത്തിന് അയച്ചുകൊടുക്കും, അതനുസരിച്ച് രാസവള കമ്പനികൾ റയിൽവഴി രാസവളം സംസ്ഥാനത്ത് എത്തിക്കുകയും റോഡുമാർഗ്ഗം വീണ്ടും ഈ വളങ്ങൾ ചില്ലറ /മൊത്ത വിതരണക്കാർക്കും സൊസൈറ്റികൾക്കും എത്തിച്ചുകൊടുക്കുകയും ചെയ്യും.<br>കാലവർഷക്കാലമായ ജൂൺ, ജൂലൈ മാസങ്ങളിലേക്കും മേൽ പ്രതിപാദിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | വളങ്ങളുടെ വില വർദ്ധനവുമൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | സി) | നെല്ല്, തെങ്ങ്, കുരുമുളക് തുടങ്ങിയ പ്രധാന വിളകൾക്ക് വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പെടുത്തി സൗജന്യ നിരക്കിൽ വളം വിതരണം ചെയ്യുന്നുണ്ട്. നെൽകർഷകർക്ക് ഹെക്ടറിന് |

1500/- രൂപ ക്രമത്തിൽ സുസ്ഥിര നെൽകൃഷി പദ്ധതിയിൽ രാസവളമുൾപ്പെടെയുള്ള ഉപാധികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരമുള്ള പദ്ധതികളിലും നെൽകർഷകർക്കും രാസവളം വിതരണം ചെയ്യുന്നുണ്ട്. നാളികേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ട്. ചെറിയ തോതിലെങ്കിലും ഇത് കർഷകർക്ക് സഹായകരമാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 145 11.7.2011- ൽ മറുപടിയ്ക്ക്

### കീടനാശിനി നിരോധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ.പി.റ്റി.എ.റഹീം :<br>ശ്രീ.രാജു എബ്രഹാം : | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം കീടനാശിനികളാണ് നിരോധിച്ചതെന്ന് വ്യക്തമാക്കുമോ ? | (എ) | വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫൂറാൻ, ഫോറേറ്റ്, മീതൈൽ പാരത്തിയോൺ, മോണോക്രോട്ടോഫോസ്, മീതൈൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടുകൂടിയ കീടനാശിനികളായ ട്രയാസോ ഫോസ്, പ്രോഫനോഫോസ് എന്നിവയും കുമിൾ നാശിനികളായ എഡിഫൻഫോസ്, ട്രൈസൈലാസോൾ, ഓക്സിതിയോക്യൂനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാട്ട്, തിയോ ബെൻകാർബ്, അട്രാസിൻ എന്നിവയും ജി.ഒ (എം.എസ്) നം.116/2011/കൃഷി വകുപ്പിന്റെ 07.05.2011 ലെ ഉത്തരവു പ്രകാരം നിരോധിച്ചു. |
| ബി) | ഇത്തരം കീടനാശിനികൾ നിരോധിച്ചതിനുശേഷം അനധികൃതമായി മറ്റ് പേരുകളിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) | നിരോധിച്ച കീടനാശിനികൾ മറ്റു പേരുകളിൽ വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ ഇത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ? | സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *146 — 11.07.2011- ൽ മറുപടിക്ക്

**അട്ടിമറിക്കൂലിയും നോക്കുകൂലിയും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ. പി.ഉബൈദുള്ള | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അട്ടിമറിക്കൂലി, നോക്കുകൂലി എന്നിവ തൊഴിൽ മേഖലയിൽ നിന്ന് തുടച്ചു നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) നോക്കുകൂലി, അട്ടിമറിക്കൂലി എന്നിവ പരമാവധി ഒഴിവാക്കുന്ന തരത്തിലുള്ളതും എന്നാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുമുള്ള ഒരു തൊഴിൽ നയമാണ് സർക്കാർ വിഭാവന ചെയ്യുന്നത്. നോക്കു കൂലി, അട്ടിമറി കൂലി എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പിൽ താഴെ തലം മുതൽ ഇടപെടൽ ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ലേബർ കമ്മീഷണർക്ക് സർക്കാർ ഇതിനോടകം നിർദ്ദേശം നൽകി കഴിഞ്ഞു. നോക്കുകൂലി, അട്ടിമറിക്കൂലി എന്നിവ സംബന്ധിച്ചുള്ള പരാതി പൊതുജനങ്ങൾക്ക് ഉടനടി തൊഴിൽ വകുപ്പിനെ അറിയിക്കുവാൻ "ഹെൽപ്പ് ലൈൻ" സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇങ്ങനെ ലഭിക്കുന്ന പരാതികൾക്ക് പരിഹാരം ഉണ്ടാക്കുകയും മറുപടി നൽകുകയും ചെയ്യുന്നതാണ്. |
| (ബി) ഇതിന്റെ പേരിൽ സംഘടിതമായി സാധാരണ ജനങ്ങളെ ഭീഷണിപ്പെടുത്തുകയും, ആക്രമിക്കുകയും ചെയ്യുന്ന അവസ്ഥ ഇല്ലാതാക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ; | (ബി) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ വരുന്ന തൊഴിലാളികൾ അമിത കൂലിയോ, നോക്കു കൂലിയോ വാങ്ങുന്നത് ശിക്ഷാർഹമാണെന്നും, തൊഴിലാളികളുടെ രജിസ്ട്രേഷൻ വരെ റദ്ദ് ചെയ്യുമെന്നുമുള്ള നിർദ്ദേശം ബോർഡിൽ നിന്ന് അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വീട്ടുപകരണങ്ങളുടെയും, സാധന സാമഗ്രികളുടെയും കയറ്റിറക്കിന് നിശ്ചയിച്ചിട്ടുള്ള കൂലി നിരക്കുകൾ പൊതുജന ങ്ങളുടെ അറിവിലേക്കായി തൊഴിലാളി കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കാനും, ആ നിരക്ക് രേഖപ്പെടുത്തിയ രസീത് നൽകുന്നത് കർശനമാക്കാനും, അങ്ങനെ തൊഴിലാളികളും പൊതുജനങ്ങളും തമ്മിലുള്ള സൗഹൃദം വളർത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 147

11.7.2011 ൽ മറുപടിയ്ക്ക്

'നെല്ല് ഉല്പാദനം'

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് | : | ശ്രീ. കെ.പി. മോഹനൻ |
| ശ്രീ. ഇ.പി. ജയരാജൻ | : | കൃഷിയും മൃഗസംരക്ഷണവും, |
| ശ്രീ. എം. ചന്ദ്രൻ | : | അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| ശ്രീ. ബി.ഡി. ദേവസ്സി | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ; ഇപ്പോൾ നെൽകൃഷിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി, നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി എന്നിവയും കേന്ദ്ര സർക്കാർ പദ്ധതികളായ ആർ.കെ.വി.വൈ, എം.ഒ.യു. നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കാലാകാലങ്ങളായി നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെങ്കിലും 2007-08 ലെ 2.29 ലക്ഷം ഹെക്ടറിൽ നിന്നും 2008-09 ൽ 2.34 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു. 2009-10 ലും വിസ്തൃതി 2.34 ലക്ഷം ഹെക്ടറായി തുടരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ നെൽകൃഷി പദ്ധതികൾ മൂലമാണ് വിസ്തൃതിയിൽ ഉണ്ടായിരുന്ന കുറവിന്റെ പരിധി കുറച്ചുകൊണ്ടുവരുന്നതിനും 2008-09 ൽ വർദ്ധനവ് രേഖപ്പെടുത്തുന്നതിനും സാധിച്ചത്. |
| (ബി) | ഈ വർഷം നെൽകൃഷിയുടെ വിസ്തൃതി എത്രയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു ; അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കുമോ ; | (ബി) | ഈ വർഷം നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2375 ലക്ഷം രൂപയുടെ പദ്ധതികളും നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി മുഖേന 2900 ലക്ഷം രൂപയുടെ പദ്ധതികളും എം.ഒ.യു - നെൽകൃഷി |

പദ്ധതി പ്രകാരം 549.71 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(സി) 2005-06-നെ അപേക്ഷിച്ച് 2010-11-ൽ നെൽകൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഉണ്ടായിരിക്കുന്ന വർദ്ധന എത്ര ശതമാനമാണ് ;

(സി) 2009-10 ലെ കണക്കുപ്രകാരം നെൽകൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും 2005-06-നെ അപേക്ഷിച്ച് കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2005-06 വർഷത്തിൽ 2.75 ലക്ഷം ഹെക്ടറിൽ 6.29 ലക്ഷം മെട്രിക് ടൺ ഉല്പാദനവും 2009-10 ൽ 2.34 ലക്ഷം ഹെക്ടറിൽ 5.98 ലക്ഷം മെട്രിക് ടൺ ഉല്പാദനവും രേഖപ്പെടുത്തിയിട്ടുണ്ട്. 2010-11 -ലെ കണക്ക് ശേഖരിച്ചു വരുന്നു.

(ഡി) എത്ര ഏക്കർ തരിശുഭൂമി നെൽകൃഷിക്കായി പുതുതായി പ്രയോജനപ്പെടുത്തുകയുണ്ടായി ?

(ഡി) 2006-07 മുതൽ 2010-11 വരെ 107630 ഏക്കർ തരിശുഭൂമി പുതുതായി നെൽകൃഷിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 148 — 11. 07. 2011 ലെ മറുപടിക്ക്

<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു കളുടെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എളമരം കരീം | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളുടെ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദ മാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും കമ്പ്യൂട്ടർവൽക്കരണം, നെറ്റ് വർക്കിംഗ് , സ്റ്റാഫ് ട്രെയിനിംഗ് എന്നീ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. അവ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരികയാണ്. ISO സർട്ടിഫിക്കേഷൻ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ബി) എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചിൽ നിലവിൽ എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 31/12/2010ന് 4310345 തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) എംപ്ലോയ്മെൻറ് എക്സ്ചേ ഞ്ചുകൾ തൊഴിൽ ലഭ്യമാക്കു ന്നതിന് എത്രത്തോളം പര്യാപ്തമാണ്; | സി) സംസ്ഥാനത്തെയും സംസ്ഥാനത്തിനു വെളിയിലേയും ഏതു തരം ഉദ്യോഗദായകനും അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ സി.എൻ.വി ആക്ട് പ്രകാരം നാമനിർദ്ദേശം നൽകാൻ തക്കവണ്ണം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേ ഞ്ചുകൾ പര്യാപ്തമാണ്. |
| ഡി) ഓരോ വർഷവും എംപ്ലോയ് മെൻറ് എക്സ്ചേഞ്ച് വഴി ശരാശരി എത്ര പേർക്ക് വീതം നിയമനം ലഭിക്കുന്നുണ്ട് ? | ഡി) കഴിഞ്ഞ 5 വർഷം ശരാശരി 12,646 പേർക്ക് വീതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനം ലഭിച്ചിട്ടുണ്ട്. |

[signature]
സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.149** **11/7/2011-ൽ മറുപടിക്ക്**

## ഇ.എസ്.ഐ. ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.വാഹീദ്:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.പി.എ.മാധവൻ: | ശ്രീ.ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം പദ്ധതികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ; | (എ) ഇ.എസ്.ഐ. ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന ഐ.പി. കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഇ.എസ്.ഐ. സ്ഥാപനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ സംവിധാനത്തിലൂടെ ആവശ്യമുള്ള വിവരങ്ങൾ സമയനഷ്ടം കൂടാതെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ശേഖരിക്കുവാനും ഐ.പി. കൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കും.<br>മുൻപ് ഐ.പി. കൾക്ക് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഡിസ്പെൻസറികളിൽ മാത്രമാണ് ചികിത്സ നേടുവാൻ സാധിച്ചിരുന്നതെങ്കിൽ ഇപ്പോൾ ഓരോ ഐ.പി.ക്കും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പഹ്ചാൻ കാർഡ് ഉപയോഗിച്ച് ഇന്ത്യയിൽ ഏതു |

ഡിസ്പെൻസറികളിൽ നിന്നും ചികിത്സ നേടുവാൻ കഴിയുന്ന തരത്തിലുള്ള അത്യാധുനികമായ സംവിധാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. കോർപ്പറേഷനാണ്. പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുവെന്നും അടുത്ത വർഷം മധ്യത്തോടെ അതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി) ഇ.എസ്.ഐ. ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകൾ കൃത്യമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

(സി) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. ആശുപത്രികളിൽ ഉണ്ടാകുന്ന എല്ലാ വിഭാഗം ഒഴിവുകളും കൃത്യമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറക്ക് കൃത്യമായി നിയമനങ്ങൾ നടത്തുന്നുമുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 150** **11/07/2011-ലെ മറുപടിക്ക്.**

**തൊഴിൽ വകുപ്പ് പുനഃസംഘടന**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. രാജു എബ്രഹാം:**<br>**ശ്രീ. കെ.രാധാകൃഷ്ണൻ:**<br>**ശ്രീ. ആർ സെൽവരാജ്:**<br>**ശ്രീ. എം.ഹംസ:** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) തൊഴിൽ വകുപ്പു പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കണമെന്ന് പി & എ ആർ ഡി. പഠനം നടത്തി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഏറ്റവുമൊടുവിൽ വകുപ്പ് പുനഃസംഘടിപ്പിച്ചത് എപ്പോഴായിരുന്നു എന്ന് വെളിപ്പെടുത്തുമോ ? | (സി) 8.8.1980 – ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 88/80 തൊഴിൽ പ്രകാരമാണ് ഏറ്റവുമൊടുവിൽ തൊഴിൽ വകുപ്പു പുനഃ സംഘടിപ്പിച്ചത്. |

**സെക്ഷൻ ഓഫീസർ**